# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 24 ലക്കം 10 പേജ് 6 2018 മാർച്ച് 15



2 കോടതിവിധിയുണർത്തിയ ചിന്തകൾക്ക് ഒരു മറുവശം

3 ഓർമ്മയിൽനിന്നും.....

4 പൗരാണികവും സ്വതന്ത്രവുമായ കാതോലിക്കാ സ്ഥാനം

5 മാനേജിംഗ് കമ്മിറ്റി നേരിട്ട് തെരഞ്ഞെടുത്ത പി.പി. മാത്യു


## കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും സഭ മുഴുവൻ സ്മരിക്കണം : പ.കാതോലിക്കാ ബാവാ

മലങ്കരസഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വത്വബോധത്തിന്റെയും തദ്ദേശീയതയുടെയും പ്രതീകമാണ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യകാതോലിക്കേറ്റെന്ന് പ.കാതോലിക്കാ ബാവാ കാതോലിക്കാദിന സന്ദേശത്തിൽ പറഞ്ഞു. കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും പ.സഭ മുഴുവനായി സ്മരിക്കുകയും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ധന്യമായ ദിനമാണല്ലോ സഭാദിനം അഥവാ കാതോലിക്കാദിനം. 2018-ലെ കാതോലിക്കാദിനം വലിയ നോമ്പിലെ 36-ാം ഞായറാഴ്ച മാർച്ച് മാസം 18-ാം തീയതി ഏറ്റവും ഭംഗിയായും ക്രമീകൃതമായും ആചരിക്കണം. വിശ്വാസികളുടെ വ്യക്തിജീവിതത്തെ രൂപാന്തരപ്പെടുത്തുവാനും കുടുംബ ജീവിതങ്ങളെ നവീകരിക്കുവാനും സമൂഹജീവിതത്തെ ക്രമീകരിക്കുവാനും സഭാജീവിതത്തെ വിശുദ്ധീകരിക്കുവാനുമുള്ള അവസരമായി കാതോലിക്കാദിനാചരണം മാറണം എന്നതാണ് നാം ആഗ്രഹിക്കുന്നത്. മലങ്കര നസ്രാണികളുടെ ഉന്നതമായ ആത്മീയ ബോധ്യങ്ങൾക്കും

(ശേഷം പേജ് 3-ൽ)

## കോട്ടയം ഭദ്രാസനതല കാതോലിക്കാദിനാഘോഷം പുതുപ്പള്ളിപള്ളിയിൽ

കോട്ടയം : കാതോലിക്കാദിനമായ മാർച്ച് 18ന് കോട്ടയം ഭദ്രാസനതല കുടുംബസംഗമറാലിയും സമ്മേളനവും മാർത്തോമ്മൻ നസ്രാണി സംഗമം എന്ന പേരിൽ പുതുപ്പള്ളി പള്ളിയിൽ നടക്കും. ഞായറാഴ്ച രാവിലെ വി.കുർബ്ബാനയ്ക്ക് യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ കാർമ്മികത്വം വഹിക്കും. 2 മണിക്ക് കോട്ടയം ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽ നിന്നുമുള്ള വിശ്വാസികൾ പുതുപ്പള്ളി നിലയ്ക്കൽ പള്ളിയിൽ എത്തിച്ചേരും. 3 മണിക്ക് കാതോലിക്കാദിനാഘോഷത്തോടനുബന്ധിച്ചുള്ള മാർത്തോമ്മൻ കുടുംബസംഗമറാലി നിലയ്ക്കൽ പള്ളിയിൽനിന്ന് ആരംഭിക്കും. പുതുപ്പള്ളി കവല ചുറ്റിയുള്ള റാലിക്ക് നസ്രാണിവേഷത്തിൽ എത്തിച്ചേരുന്ന സ്ത്രീപുരുഷന്മാരും ഭദ്രാസനത്തിലെ എട്ടുമേഖലകളിൽനിന്നുള്ള നിശ്ചലദൃശ്യങ്ങളും വിവിധ തരത്തിലുള്ള വാദ്യമേളങ്ങളും മാറ്റുകൂട്ടും. 4 മണിക്ക് പുതുപ്പള്ളി പള്ളിയിൽ റാലി എത്തിച്ചേർന്നതിനുശേഷം യൂഹാനോൻ മാർ ദീയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗംപ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. മെത്രാപ്പോലീത്തന്മാരായ മാത്യൂസ് മാർ സേവേറിയോസ്, യാക്കോബ് മാർ ഐറേനിയോസ് എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തും. മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പാ മുഖ്യ പ്രഭാഷണം നടത്തും. വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ എന്നിവർ ആശംസാപ്രസംഗം നടത്തും.

## സഭാസമാധാനം കാലഘട്ടത്തിന്റെ ആവശ്യം

റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ

**1958-ലെ യോജിപ്പിനുമുമ്പ് പാത്രിയർക്കീസ് പക്ഷത്ത് നിന്നിരുന്ന ഒരു കുടുംബത്തിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയാണ് ഞാൻ. എന്നാൽ 58-ലെ സഭായോജിപ്പിനുശേഷം വീണ്ടും ഒരു പിളർപ്പ് ആവശ്യമില്ലായിരുന്നുവെന്ന് പൂർണ്ണമായി ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസമാണ് ഒരു ഓർത്തഡോക്സുകാരനായി തുടരുവാൻ എന്നെ പ്രേരിപ്പിക്കുന്ന ശക്തി.**

ഒരു നൂറ്റാണ്ടിലേറെയായി മലങ്കരസഭയിൽ നിലനിൽക്കുന്ന ഭിന്നതകൾക്കും വ്യവഹാരങ്ങൾക്കും അന്ത്യം കുറിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരസ്പരം ഛിദ്രിക്കുന്ന ഭവനം നിലനിൽക്കില്ല. വാശിയും വൈരാഗ്യവും ഒന്നിനും പരിഹാരമല്ല. ലോകരാഷ്ട്രങ്ങളുടെ ഇടയിലും സഭ, സാമുദായിക ഭിന്നതകളുടെ പേരിലും ഉണ്ടായിട്ടുള്ള യുദ്ധങ്ങളും കലഹങ്ങളും വരുത്തിവെച്ചി

(ശേഷം പേജ് 3-ൽ)

## നിലയ്ക്കൽ ഭദ്രാസന കാതോലിക്കാദിനാഘോഷം

റാന്നി : നിലയ്ക്കൽ ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ ഏഴാമത് വാർഷികവും സഭാദിനാഘോഷവും സംയുക്തമായി കാതോലിക്കാദിനമായ മാർച്ച് 18- ാം തീയതി നടത്തപ്പെടുന്നു. റാന്നി തോട്ടമൺ സെന്റ് തോമസ് കത്തീഡ്രലിൽനിന്നും ആരംഭിക്കുന്ന സഭാദിനറാലി കുറ്റിയാനി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ എത്തിച്ചേരും. തുടർന്ന് നടക്കുന്ന സമ്മേളനം നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ജോഷ്വാ മാർ നിക്കോദിമോസ് ഉദ്ഘാടനം ചെയ്യും. വൈദികട്രസ്റ്റി ഫാ. ഡോ.എം.ഒ.ജോൺ സഭാദിന സന്ദേശം നൽകും. ഫാ.ഇടിക്കുള എം.ചാണ്ടി, കെ.എ. ഏബ്രഹാം എന്നിവർ ആശംസാപ്രസംഗം നടത്തും. ഫാ.ഷൈജു കുര്യൻ സ്വാഗതവും ലിജോ പി തോമസ് കൃതജ്ഞതയും അർപ്പിക്കും.

## പൗരാണികവും സ്വതന്ത്രവുമായ കാതോലിക്കാ സ്ഥാനം

ഫാ.ഡോ.എം.ഒ.ജോൺ

### ആമുഖം

ആദിമസഭാചരിത്രത്തിൽ പാത്രിയർക്കാസ്ഥാനത്തോളം പൗരാണികവും പാത്രിയർക്കീസ്, മാർപാപ്പാ തുടങ്ങിയ സ്ഥാനങ്ങൾപോലെതന്നെ പരിപൂർണ്ണ സ്വതന്ത്രവും പൂർണ്ണ അധികാരാവകാശങ്ങളോടുംകൂടിയ സ്ഥാനമാണ് കാതോലിക്കാ സ്ഥാനം. പുരാതന അപ്പോസ്തോലിക സഭകളിൽ ആത്മീയ അധികാരകേന്ദ്രങ്ങളുടെ സ്വതന്ത്രമായ വളർച്ചയുടെ പരിണിതഫലമാണ് പാപ്പ, പാത്രിയർക്കീസ്, കാതോലിക്കാ തുടങ്ങിയ സ്ഥാനങ്ങൾ. വ്യത്യസ്ത സഭകളിൽ വ്യത്യസ്ത കാലങ്ങളിലും വിഭിന്നങ്ങളായ ചരിത്ര പശ്ചാത്തലത്തിലും ഈവക സ്ഥാനങ്ങൾ ഉരുത്തിരിഞ്ഞുവന്നു.

മലങ്കരസഭയിലും ആ വളർച്ചയുടെ പൂർണ്ണത ഒരു പ്രത്യേക ചരിത്ര പശ്ചാത്തലത്തിൽ 1912-ൽ സംഭവിച്ചു. 1912-ൽ നടന്നത് മലങ്കരയിൽ കാതോലിക്കാ സ്ഥാപനമായിരുന്നു എന്നും പുനസ്ഥാപനമായിരുന്നു എന്നും അത് മഫ്രിയാനാ സ്ഥാനമായിരുന്നുവെന്നും ഒക്കെയുള്ള വ്യത്യസ്ത അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും നിലവിലുള്ള കാര്യം വിസ്മരിക്കുന്നില്ല.

### പൗരോഹിത്യസ്ഥാനങ്ങളുടെ വളർച്ച

ആദിമസഭയുടെ പൗരോഹിത്യസ്ഥാനങ്ങളെക്കുറിച്ച് അപ്പോസ്തോലപ്രവർത്തികളിലും ശ്ലീഹന്മാരുടെയും മറ്റും ലേഖനങ്ങളിലും അക്കാലഘട്ടത്തിലോ അതിനു തൊട്ടുപിന്നിലുള്ള കാലഘട്ടങ്ങളിലോ രചിച്ചിട്ടുള്ള വ്യത്യസ്ത രചനകളിലും കാണാൻ സാധിക്കും.

അപ്പോസ്തോലന്മാർ ഓരോ പ്രദേശത്തും സഭ സ്ഥാപിച്ചപ്പോൾ യോഗ്യരായ ആളുകളെ ആ സഭയിലെ മൂപ്പന്മാരായും കശ്ശീശന്മാരായും നിയമിച്ചു (പത്രോ.1:5). അപ്പോസ്തോലന്മാരുടെ പിൻഗാമികളായി മൂപ്പന്മാരും കശ്ശീശ്ശന്മാരും എപ്പിസ്കോപ്പാമാരും പ്രവർത്തിച്ചു (1തിമോ.1:1, 3:1, 4:14, 5:17) . കുറേക്കാലം കഴിഞ്ഞപ്പോൾ അപ്പോസ്തോലന്മാർ നിയമിച്ചവർ അവരുടെ പിൻഗാമികളെയും നിയമിച്ചു (2തിമോ.2:2).

അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ് റോമിലെ ക്ലിമ്മീസ്, തീമോത്തിയോസ്, തീത്തോസ് തുടങ്ങിയവർ അപ്പോസ്തോലന്മാരുടെ പിൻഗാമികളായി തെരഞ്ഞെടുക്കപ്പെട്ടു നിയമിക്കപ്പെട്ടവരാണ്.

മൂപ്പൻ, കശ്ശീശ, എപ്പിസ്കോപ്പാ എന്ന മൂന്ന് സ്ഥാനങ്ങളും വ്യത്യസ്ത സാഹചര്യങ്ങളിൽ പുരോഹിതന്മാരെയും ബിഷപ്പുമാരെയും സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട് (അപ്പോ.പ്ര.15:6, 20:17, തീത്തൂസ് 1:5, 1തിമോ.4:14, യാക്കോബ് 5:14, 1പത്രോ.5:1). ഈ സ്ഥാനങ്ങൾ രണ്ടോ മൂന്നോ വ്യത്യസ്ത സ്ഥാനങ്ങളായി അക്കാലത്തു വേർതിരിക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നില്ല. കശ്ശീശായെ എപ്പിസ്കോപ്പാ എന്നും മൂപ്പനെന്നും മൂപ്പനെ കശ്ശീശാ എന്നും തിരിച്ചും പല അവസരങ്ങളിലും വിളിച്ചിട്ടുണ്ട്. എപ്പിസ്കോപ്പാ (അഥവാ കശ്ശീശാ) ശെമ്മാശ്ശൻ എന്നീ രണ്ടു സ്ഥാനങ്ങളായിരുന്നു അപ്പോസ്തോലപ്രവർത്തികളുടെ കാലത്തെ പൗരോഹിത്യശ്രേണിയിൽ പ്രധാനമായുണ്ടായിരുന്നത്.

റോമിലെ ക്ലിമ്മീസ്, അന്ത്യോഖ്യായിലെ ഇഗ്നാത്തിയോസ് തുടങ്ങിയവരുടെ എഴുത്തുകളനുസരിച്ച് എല്ലാ ആദിമസഭകളിലും ഈ മൂന്നുസ്ഥാനങ്ങളും ഉണ്ടായിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ശെമ്മാശ്ശൻ, കശ്ശീശാ, എപ്പിസ്കോപ്പാ എന്നീ മൂന്നു പൗരോഹിത്യസ്ഥാനങ്ങൾ വ്യക്തമായി കാണാം.

### ഭദ്രാസന ബിഷപ്പ്

ക്രൈസ്തവസഭയുടെ ആരംഭത്തിൽ റോമാസാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലാണ് സുവിശേഷം അറിയിക്കപ്പെട്ടത്. അവിടെ ഇടവകകളും പിൽക്കാലത്ത് പള്ളികളും സ്ഥാപിതമായി. പട്ടണങ്ങളിൽനിന്ന് ഓരോ പട്ടണത്തിനും ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് സുവിശേഷം അറിയിക്കുവാൻ ആളുകൾ പോയി. അവർ പോയത് പട്ടണത്തിലെ എപ്പിസ്കോപ്പായുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ്. ഓരോ പട്ടണത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ ഇടവകകൾ സ്ഥാപിക്കപ്പെട്ടപ്പോൾ അവയും പട്ടണത്തിലെ എപ്പിസ്കോപ്പായുടെ നിയന്ത്രണത്തിൽതന്നെ സ്ഥിതിചെയ്തു. പിൽക്കാലത്ത് അത് എപ്പിസ്കോപ്പായുടെ കീഴിലുള്ള ഒരു ഭദ്രാസനമായി.

വേറൊരു തരത്തിൽ പറഞ്ഞാൽ ഭദ്രാസനത്തിലെ പ്രധാന പട്ടണത്തിലെയോ പള്ളിയിലെയോ എപ്പിസ്കോപ്പാ ഭദ്രാസന എപ്പിസ്കോപ്പാ ആവുകയും ഭദ്രാസനത്തിലെ പള്ളികളെല്ലാം അദ്ദേഹത്തിന്റെ കീഴിലാവുകയും ചെയ്തു. കുസ്തന്തീനോസ് രാജാവിന്റെ കാലത്തിനു മുമ്പ് ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിരുന്നതിനാൽ സഭയുടെ ഭദ്രാസനങ്ങൾ ശരിയായി സംഘടിപ്പിക്കുവാനോ ഭംഗിയായ കേന്ദ്രീകൃത ഭരണക്രമീകരണങ്ങൾ ചെയ്യുവാനോ സാദ്ധ്യമായിരു

(ശേഷം പേജ് 4-ൽ)

## കാതോലിക്കേറ്റിനെ സ്മരിക്കുമ്പോൾ 'അധികാരം' എന്ന പ്രയോഗം തെറ്റായ സൂചന നൽകും : ഡോ.എം.പി.മത്തായി

കാതോലിക്കേറ്റിനെ നിർവചിക്കുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും അധികാരം എന്ന സംഞ്ജ ഉപയോഗിക്കുന്നത് തെറ്റായ സൂചനകൾ നൽകും എന്നാണ് എന്റെ അഭിപ്രായം. കാതോലിക്കേറ്റ് ഒരു ലൗകീക അധികാര സ്ഥാനമല്ല എന്ന പ്രാഥമിക വസ്തുത നാം മറക്കരുത്. അതോരിറ്റി എന്ന ഇംഗ്ലീഷ് വാക്കിനു സമാനമായിട്ടാണ് അധികാരം എന്നുപയോഗിക്കുന്നത്. ഉത്തരവുകൾ നൽകുക, അവയെ അനുസരിപ്പിക്കുക, തീരുമാനങ്ങൾ എടുക്കുക, അവ നടപ്പിലാ

(ശേഷം പേജ് 5-ൽ)

# കോടതിവിധിയുണർത്തിയ ചിന്തകൾക്കൊരു മറുവശം.....കഴിഞ്ഞലക്കം തുടർച്ച

ഇ.ജെ.വർഗീസ്, കോന്നി

## സുപ്രീംകോടതിവിധി, ഐക്യം, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സുന്നഹദോസ്

അനേകം കീഴ്ക്കോടതിവിധകൾ കടന്നു സമുദായക്കേസ് സ്വതന്ത്ര ഇന്ത്യയിലെ പരമോന്നത നീതിപീഠം 1958ൽ അന്ത്യവിധി കല്പിച്ചു. അതോടെ സമാധാന ആത്മാവ് ആനയിക്കപ്പെടുകയും കക്ഷികൾ തമ്മിൽ യോജിച്ച് ഐക്യപ്പെടുകയും ചെയ്തു. സമാധനത്തിൽ ആരേക്കാളുമധികം സന്തോഷിച്ച ശമുവേലച്ചൻ വിദൂരത്തിരുന്നുകൊണ്ട്, ലഭിച്ച സമാധാനം ശാശ്വതമായി നിലനിർത്തുന്നതിനും സഭയുടെ പുരോഗതിക്കും സഭ അടിയന്തിരമായി ചില അടിസ്ഥാന കടമകൾ നിർവ്വഹിക്കേണ്ടതിന്റെ അവശ്യകത ഉത്ബോധിപ്പിച്ചുകൊണ്ട് തന്റെ ശിഷ്യന്മാരും ആത്മമിത്രങ്ങളുമായിരുന്ന ചില മെത്രാപ്പോലീത്താമാർക്കു ഒരു സന്ദേശം അയച്ചു. 1959 പുതുവർഷപ്പുലരയിൽ അയച്ച അതിലെ അഞ്ചു സുപ്രധാന നിർദ്ദേശങ്ങളിലൊന്നത്രെ അഞ്ച് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികളെയുൾപ്പെടുത്തി ഒരു കോൺഫറൻസ് ഇന്ത്യയിൽ വച്ചു നടത്തണമെന്നുള്ളത്. ഈ കത്തിൽപറയുന്ന ആശയങ്ങളായിരുന്നു പിന്നീട് 1965ൽ നടന്ന എത്യോപ്യൻ സുന്നഹദോസിന്റെ അജണ്ടയിൽ സ്ഥാനംപിടിച്ചത്. അതോടൊപ്പം അഞ്ചു സഭകൾ എന്നും കോൺഫറൻസ് എന്നും അതിൽ പറയുന്നുണ്ടെന്നും ഓർക്കുക. (ഇംഗ്ലീഷിൽ അയച്ച കത്തിന്റെ തർജ്ജിമ പൂർണ്ണരൂപത്തിൽ അന്യത്ര)

എന്നാൽ നമ്മുടെ നേതാക്കന്മാരുടെ ഉൾക്കാഴ്ചയും ദീർഘവീക്ഷണവും മനോഭാവവും എപ്രകാരമെന്നു വിവരിക്കേണ്ടതില്ലല്ലോ. ഇതിനകമായിതന്നെ നേരത്തെ സൂചിപ്പിച്ച ക്രിസ്തുശാസ്ത്രത്തെയും കല്ക്കെദൂൻ സുന്നഹദോസു തീരുമാനങ്ങളെയും അടിസ്ഥാനമാക്കി 1500 വർഷങ്ങൾക്കിടയിൽ നടത്തിയ നിഷ്പക്ഷ അന്വേഷണവും തത്ഫലമായി മോണോഫിസൈറ്റുകളായ വേദവിപരീതികളെന്നു മുദ്രകുത്തപ്പെട്ടിരുന്ന യാക്കോബായാ സുറിയാനി സഭയുൾപ്പെടെയുള്ള ഓറിയന്റൽ സഭകൾക്കുണ്ടാകാവുന്ന അതിമഹത്തരമായ നേട്ടങ്ങളും ലോകനേതാക്കന്മാരുടെ ശ്രദ്ധയാകർഷിച്ചുകഴിഞ്ഞിരുന്നു. അനേകം അന്തർദേശീയ ജേർണ്ണലുകളിൽ നിരവിധി പ്രബന്ധങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. അതോടൊപ്പം അഖില ലോക സഭാസമിതിയിൽ ഇവൻസ്റ്റൺ (1954) സമ്മേളനം മുതൽ മലങ്കരസഭയുടെ ഔദ്യോഗിക ഡെലിഗേറ്റ് ആയിരുന്ന അദ്ദേഹത്തെ ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷനിലേക്കു 1961ലെ ന്യൂഡൽഹി അസംബ്ലി തിരഞ്ഞെടുക്കയും ചെയ്തു. ലോകനേതാക്കന്മാരും പണ്ഡിതന്മാരുമായി പരിചയത്തിലും സൗഹൃദത്തിലും വരുന്നതിനും ആശയങ്ങൾ പങ്കുവക്കുന്നതിനും ധാരളം അവസരങ്ങൾ ലഭിച്ചു. ഈവിധത്തിൽ എത്യോപ്യൻ സഭയുടെ ആബൂനാ തെയോഫലോസുമായുണ്ടായ (പിന്നീട് പാത്രിയർക്കീസ്) സൗഹൃദത്തിലൂടെ എത്യോപ്യൻ ചക്രവർത്തിയുടെയും ഇതര ഓറിയന്റൽ സഭകളുടെ നേതാക്കന്മാരുടെയും പ്രശംസക്കു പാത്രമായി. എത്യോപ്യയിൽ സർവ്വകലാശാല രൂപമെടുത്തത് 1960കളിലത്രെ. ചക്രവർത്തിയുടെ നാമത്തിലുള്ള ഹെയിലി സെലാസി ഒന്നാമൻ സർവ്വകലാശാലയിൽ പ്രോട്ടോക്കോളനുസരിച്ച് ഏറ്റം സ്ഥാനമുള്ള ഫാക്കൽറ്റികളിലൊന്നായിരുന്നു തിയോളജിക്കൽ കോളേജ്. ചക്രവർത്തിയും പാത്രിയർക്കീസും പ്രത്യേകം താല്പര്യമെടുത്ത് ശമുവേൽ അച്ചനെ അവിടേക്കു ഔദ്യോഗികമായി ക്ഷണിച്ചതിന്റെ ഫലമായി 1963-1966 കാലഘട്ടത്തിൽ അദ്ദേഹം ഒരു പ്രഫസറായി അവിടെ സേവനം നിർവ്വഹിച്ചത്. ഈ കാലത്താണ് ചരിത്രത്തിലാദ്യത്തേതും ചരിത്രത്തിലെ നാഴികക്കല്ലുമായിത്തീർന്ന അഞ്ചു സഭകളുടെയും അദ്ധ്യക്ഷന്മാർ പങ്കെടുത്ത ഓറിയന്റൽ സഭകളുടെ ഏക്യവേദിയായ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കോൺഫറൻസ് നടന്നതും ശമുവേൽ അച്ചൻ അതിന്റെ സൂത്രധാരകനും ശില്പിയുമായിത്തീർന്നത്.

ഡോ. ബാബു പോൾ ആഡീസ് അബാബ സമ്മേളനത്തിന്റെ പ്രസക്തി വേണ്ടതുപോലെ മനസ്സിലാക്കാതെയോ തെറ്റിധരിക്കപ്പെട്ടോ ആണ് ലഘൂകരിച്ചു പരാമർശിക്കുവാനിടയായതെന്നനുമാനിക്കുന്നു. സുന്നഹദോസ് റിപ്പോർട്ട് വി.സി. ശമുവേലച്ചന്റെ നേതൃത്വത്തിൽ എഡിറ്റ് ചെയ്ത് 1965ൽതന്നെ പ്രസിദ്ധീകരിച്ചതും, അതിനശേഷമുള്ള പുരോഗതിയും അദ്ദേഹം വിലയിരുത്തിയിരുന്നുവെങ്കിൽ നിലപാടുകൾക്കു വ്യത്യാസം സംഭവിക്കുമായിരുന്നു. അഞ്ച് അംഗസഭകളിൽനിന്നും ഈരണ്ടു പ്രതിനിധികൾ വീതം ഉൾപ്പെടുന്ന ഒരു കമ്മറ്റി 1963 മുതൽ പ്രവർത്തിച്ചുവന്നു. സുന്നഹദോസിന്റെ നടത്തിപ്പിനുവേണ്ടി അവിടത്തെ ഡെപ്യൂട്ടി പാത്രിയർക്കീസും രണ്ടു പ്രധാനപ്പെട്ട മന്ത്രിമാരും നേതൃത്വം വഹിച്ച കമ്മറ്റികളുടെയെല്ലാം കോഓർഡിനേറ്ററായും അദ്ദേഹം പ്രവർത്തിച്ചു. കൂടാതെ സുന്നഹദോസ്തന്നെ ഓരോ സഭയിൽനിന്നും ഈരണ്ടുപേരെ വീതം തിരഞ്ഞെടുത്ത് ഭാവിപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു സ്റ്റാൻഡിഗം കമ്മറ്റിയെ നിയമിച്ചതിലും വി.സി. ശമുവേൽ അച്ചനോടൊപ്പം അന്ത്യോക്യൻ സുറിയാനി സഭയിൽനിന്നും മാർ സേവേറിയോസ് സക്കാ ഈവാസ് (പിന്നീട് പാക്രതിയർക്കീസ്) ഉണ്ടായിരുന്നു.

സഭ ഐക്യപ്പെട്ടിരുന്ന കാലത്തു നടന്ന ഈ സുന്നഹദോസ് റിപ്പോർട്ടും തീരുമാനങ്ങളും മലങ്കരയിൽ വേണ്ടതുപോലെ ചർച്ചചെയ്യപ്പെടുകയോ പ്രചരിപ്പിക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തില്ലെന്നുള്ളതാണ് പരമാർത്ഥം. ഇതും മലയാളിമനോഭാവത്തിന്റെ മറ്റൊരു ഉദ്ദാഹരണമത്രെ. മാത്രമല്ല ആഡീസ് അബാബ സമ്മേളനത്തിൽ പങ്കെടുക്കുകയോ അതുമായി യാതൊരുവിധ ബന്ധമോ ഇല്ലാത്ത ചിലരുടെ പേരിൽ അതിന്റെ സർവ്വ ക്രെഡിറ്റും ചാർത്തിക്കൊടുത്ത് പ്രചരിപ്പിച്ച ഉദ്ദാഹരണങ്ങൾ നമ്മുടെ മലയാളക്കരയിലുണ്ട്. ഒരുപക്ഷേ ആ സുന്നഹദോസ് തീരുമാനങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി പ്രചരിപ്പിച്ചിരുന്നുവെങ്കിൽ വീണ്ടും സമാധാനം നഷ്ടപ്പെടുമായിരുന്നില്ലെന്നു പറയുവാനകില്ലെങ്കിലും ഇത്രമാത്രം രൂക്ഷതരമാകുമായിരുന്നില്ലെന്നു തീർത്തും പറയുവാനാകും. സെറാമ്പൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തു ബിരുദം നൽകുന്നതുൾപ്പെടെയുള്ള പഴയസെമ്മിനാരിയുടെ ആധുനിക വികസനം, എഫ്.എഫ്.ആർ.ആർ.സി, ദിവ്യബോധനം, തിരുവചനഭാഷ്യം, മിഷൻ ബോർഡ്, ആധുനിക സണ്ടെസ്കൂൾ പാഠപുസ്തകങ്ങൾ, ആദിയായവയെല്ലാം എത്യോപ്യൻ സുന്നഹദോസ് തീരുമാനങ്ങളുടെ വെളിച്ചത്തിൽ പിന്നീട് വി.സി. ശമുവേലച്ചൻ സെമ്മനാരിയിൽ പ്രവർത്തിച്ചുവന്ന കാലഘട്ടത്തിലാണ് നടപ്പിലായതെന്നതും പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. (1980-1990).

പിന്നീട് ഡീൻ, പ്രിൻസിപ്പാൾ സർവ്വകലാശാലയുടെ മൊത്തത്തിലുള്ള ഫാക്കൽറ്റി കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ നമ്മുടെ വൈസ് ചാൻസിലർക്കു തുല്ല്യപദവിയിൽ വി.സി. ശമുവേലച്ചൻ എത്യോപ്യൻ സർവ്വകലാശാലയിൽ സേവനം ചെയ്തു. (1968-1976.) സഭ ഐക്യപ്പെട്ടിരുന്ന ഈ കാലത്താണ് 1968ൽ ശമുവേൽ അച്ചനെ സഭയുടെ ഔദ്യോഗിക അംബാസഡറായി പരി. ഔഗേൻ കാതോലിക്കാബാവാ നിയമിച്ചു കല്പന നൽകിയത് എന്നതും സുസ്മരണീയമത്രെ.

ആഡീസ് അബാബ സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പ് ചില അപസ്വരങ്ങൾ അവിടയുണ്ടായി എന്നത് വസ്തുതയാണ്. അത് സഭയുടെ എണ്ണം സംബന്ധിച്ചതായിരുന്നു. തന്മൂലം സമ്മേളനം ഒരു ദിവസം താമസിച്ചുമാത്രമാണു തുടങ്ങുവാനായതും. എന്നാൽ ഈ സംഭവം അനവസരത്തിൽ അപസ്വരം ഉയർത്തിയതാണോ അതോ മലങ്കരക്കു മാത്രമല്ല പൗരസ്ത്യ സഭാശാസ്ത്രവെളിച്ചത്തിൽ തത്വാധിഷ്ഠിതമായ നിലപാടും ആധുനികപുരോഗതിക്കു അനിവാര്യവുംമായിരുന്നോ എന്നും വായനക്കാർ വി.സി. ശമുവേച്ചന്റെ വരികളിലൂടെതന്നെ വിലയിരുത്തിയാലും.

..സഭാ ഐക്യത്തിനുവേണ്ടി പലകാര്യങ്ങൾ ഞാൻ ചെയ്തു. .. അതിനും പുറമേ ചില സംഗതികൾ കൂടി പിന്നാലെ പ്രസ്താവിച്ചുകൊള്ളാം. ഇവിടെ 1965-ൽ നടന്ന ആഡിസ് അബെബാ സമ്മേളനത്തെപ്പറ്റി ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ. ആ സമ്മേളനം ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പാത്രിയർക്കീസന്മാരും മറ്റു നേതാക്കന്മാരും ചേർന്നുള്ളതായിരുന്നു. കോപ്റ്റിക്ക്, അന്ത്യോഖ്യൻ സിറിയൻ, അർമ്മേനിയൻ, ഇൻഡ്യൻ, എത്യോപ്യൻ എന്നീ സഭകളെയാണ് ഓറിയന്റൽ ഓർത്തഡോക്സു സഭകൾ എന്നുപറയുന്നത്. ഈ സഭകൾ ഓർത്തഡോക്സു (ശരിയായ) വിശ്വാസം നിലനിർത്തുന്നു എന്ന സ്വയം ഉദ്ഘോഷിക്കുന്നു. ചരിത്രപരമായി ശരിയായ വിശ്വാസം എന്നുപറയുന്നത് എന്താണെന്ന് ഈ പ്രസിദ്ധീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സമ്മേളനത്തിൽ പങ്കുകൊള്ളുവാനുള്ള ക്ഷണക്കത്തുകൾ ഹെയിലി സെലാസ്സി ഒന്നാമൻ ചക്രവർത്തി എല്ലാ സഭാദ്ധ്യക്ഷന്മാർക്കുമയച്ചു. എത്യോപ്യയിലെ പ്രധാന മിനിസ്റ്ററായിരുന്ന അബെബാ റെത്തായെ സമ്മേളനത്തിന്റെ ചുമതല വഹിക്കുവാനായി നിയമിക്കുകയും ചെയ്തു. തിയോളജിക്കൽ കോളേജിൽ അദ്ധ്യാപകനായിരുന്ന ഞാൻ അതിന്റെ ആകമാന കാര്യങ്ങൾ നോക്കി. സമ്മേളനത്തിൽ എല്ലായോഗങ്ങളും എത്യോപ്യയിലെ ആഫ്രിക്കാ ഹാളിൽവച്ച് നടത്തി. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഒരു വലിയ യോഗമായിരുന്നു അത്. അതിൽ സഭാനേതാക്കന്മാരായ കോപ്റ്റിക്ക പാത്രിയർക്കീസ്, സിറിയൻ പാത്രിയർക്കീസ്, അർമ്മേനിയൻ പാത്രിയർക്കിസന്മാർ (അവരുടെ ഔദ്യോഗിക ടൈറ്റിൽ കാതോലിക്കാ എന്നാണ്), ഇൻഡ്യൻ കാതോലിക്കോസ്, എത്യോപ്യൻ പാത്രിയർക്കീസ് എന്നിവരും അവരിൽ ഓരോരുത്തരുടേയും പരിവാരത്തിലുള്ള രണ്ടുബിഷപ്പന്മാരും രണ്ടുപട്ടക്കാരും വീതം ഔദ്യോഗികമായി പങ്കെടുത്തു. ഇൻഡ്യയിൽനിന്ന് കാതോലിക്കാ ഔഗൻ മാർ ബസ്സേലിയോസും ദാനിയേൽ മാർ പിലക്സിനോസ് മെത്രാപ്പോലീത്തായും പൗലോസ് മാർ ഫീലക്സീനോസ് മെത്രാപ്പോലീത്തായും (പിന്നീട് ശ്രേഷ്ഠ കാതോലിക്കാ) പട്ടക്കാരായി റ്റി.സി.ജേക്കബ്, കെ.ഫിലിപ്പോസ് (ഇപ്പോൾ ഫിലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലീത്താ) എന്നിവരും വന്നിരുന്നു.

അഞ്ചാം നൂറ്റാണ്ടുമുതൽ വിശ്വസത്തിന്റെ ഐക്യം ഈ സഭകൾ കാത്തുസൂക്ഷിച്ചു എന്നുള്ള നിഗമനത്തിൽ അന്യോന്യം ചേർന്നുള്ള യോഗങ്ങളൊന്നും ഇതുപോലെ ഇതിനുമുമ്പ് നടന്നിട്ടില്ല. വിശ്വസത്തിന്റെ ഐക്യംതന്നെയും ഇൻഡ്യൻ സഭയ്ക്ക് പതിനേഴാം നൂറ്റാണ്ടുവരെയും മറ്റു സഭകളുമായി പൂർണ്ണമായി ഉണ്ടായിരുന്നതല്ല. 1685-ൽ ഇൻഡ്യയിൽ വന്ന മാർ ഈവാനിയോസ് ആയിരുന്നു ക്രിസ്തുശാസ്ത്രം അടിസ്ഥാനമാക്കിയുള്ള ഈ വ്യത്യാസം വ്യക്തമാക്കിയത്. അതുകൊണ്ട് ഇൻഡ്യൻ സഭയെ അന്ത്യോഖ്യൻ സുറിയാനി സഭയിൽ നിന്ന് വ്യത്യസപ്പെടുത്തി മസ്സിലാക്കണം. അങ്ങനെയുള്ള വിഷയങ്ങളൊന്നും

(ശേഷം പേജ് 5-ൽ)


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ചത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/- (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി**

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ**

Mob : 9446733201

# ഓർമ്മയിൽനിന്നും.....

തോമസ് ഫിലിപ്പ് ചെങ്ങന്നൂർ

ചില പ്രസംഗങ്ങളും വാക്കുകളും കാലം എത്ര കഴിഞ്ഞാലും ഓർമ്മയിൽ നിലനിൽക്കും. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയിൽ 1989 ഡിസംബർ മുതൽ 2002 മാർച്ച് വരെ അംഗമായിരിക്കുവാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. ഈ കാലഘട്ടത്തിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായും 1991 മുതൽ പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായും മാനേജിംഗ് കമ്മിറ്റി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചിരുന്നു. വളരെ കലുഷിതമായ അന്തരീക്ഷത്തിൽപോലും ഈ പിതാക്കന്മാരുടെ പ്രസംഗങ്ങൾ ഒരു കവിതപോലെ ആസ്വാദ്യമായിരുന്നു. അതിലെ ഉൾകാമ്പ് മാനവികതയും സ്നേഹവും ആയിരുന്നു. 1995 ജൂൺമാസത്തിൽ സുപ്രീംകോടതിയിൽനിന്നു സമുദായകേസിൽ ഉണ്ടായ വിധിക്കുശേഷം പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ പ്രസംഗങ്ങളിൽ ചില ഭാഗങ്ങൾ എന്റെ ഓർമ്മയിൽ നിൽക്കുന്നു. ആ പ്രസംഗങ്ങൾ റിക്കാഡ് ചെയ്യേണ്ടവയാണ് എന്ന് പലരും അഭിപ്രായപ്പെട്ടിരുന്നുവെങ്കിലും അന്ന് അതിന് ഇന്നുപോലുള്ള സൗകര്യമോ സാങ്കേതിക വിദ്യയോ ഇല്ലാത്തതിനാൽ അത് നടന്നതായി കാണുന്നില്ലാ എങ്കിലും എന്റെ ഓർമ്മയിൽനിന്നും ഞാൻ അത് പകർത്തുകയാണ്. 1995-ലെ സുപ്രീംകോടതിവിധി നിയമവാഴ്ച നിലനിൽക്കുന്ന ഈ രാജ്യത്ത് മലങ്കരസഭയിലെ ഇരുവിഭാഗവും അംഗീകരിച്ച് ഒരു ഭരണഘടനയുടെ ഉള്ളിൽ പ്രവർത്തിക്കും എന്ന പ്രതീക്ഷ പലർക്കും ഉണ്ടായിരുന്ന സാഹചര്യത്തെ സ്വാഗതം ചെയ്തുകൊണ്ട് പ.ബാവാ തിരുമേനി നടത്തിയ പ്രസംഗം മാർഗ്ഗദീപമായി സ്വീകരിക്കാവുന്നതാണ്. മഹാനായ അലക്സാണ്ടർ (ബിസി 323) ഇന്ത്യ ആക്രമിച്ചപ്പോൾ ശക്തനായ ഇന്ത്യയിലെ ഫോറസ് എന്ന രാജാവിനെ പല പ്രാവശ്യം തോൽപിച്ചു. അവസാനമായി യുദ്ധത്തിൽ തോറ്റ ഫോറസിനെ അലക്സാണ്ടർ ചക്രവർത്തിയുടെ മുമ്പിൽ ഹാജരാക്കി. അലക്സാണ്ടർ ഫോറസിനോട് ചോദിച്ചു നിങ്ങളോട് ഞാൻ എങ്ങനെയാണ് പെരുമാറേണ്ടത്. ഫോറസ് മറുപടി പറഞ്ഞു ഒരു രാജാവ് മറ്റൊരു രാജാവിനോട് പെരുമാറുന്നതുപോലെ പെരുമാറണം. ട്രീറ്റ് മീ അലക്സാണ്ടർ, ദി വേ ദി കിംഗ് ട്രീറ്റ് അനദർ കിംഗ്. ആ വാക്കുകൾ അലക്സാണ്ടർ ചക്രവർത്തിയെ ചിന്തിപ്പിച്ചു. യുദ്ധം അവസാനിപ്പിച്ച് ഫോറസിൽനിന്നും പിടിച്ചെടുത്ത രാജ്യം ഉൾപ്പെടെ എല്ലാം തിരികെ കൊടുത്ത് രാജാവായി തന്നെ തുടരാൻ അദ്ദേഹത്തോട് പറഞ്ഞു. അലക്സാണ്ടർ തന്റെ മഹത്വം പെരുമാറ്റത്തിൽക്കൂടി വ്യക്തമാക്കി. അലക്സാണ്ടറെ മഹാൻ എന്നു വിളിക്കുവാൻ കാരണം അദ്ദേഹത്തിന്റെ പ്രവർത്തിയിലെ മഹത്വംകൊണ്ടാണ് എന്ന് തിരുമേനി കമ്മിറ്റി അംഗങ്ങളെ ഓർമ്മിപ്പിച്ചു. വിജയം എങ്ങനെയുള്ളതാണെങ്കിലും എതിരാളികളോട് പെരുമാറുമ്പോൾ നമ്മുടെ മഹത്വവും വലിപ്പവും ഒട്ടും നഷ്ടപ്പെടുത്തരുത് എന്ന് ആവർത്തിച്ചു. ശത്രുക്കളെ പോലും സ്നേഹിക്കുക അവരോട് മാന്യമായി പെരുമാറുക. കണ്ണിന് കണ്ണ് പല്ലിന് പല്ല് എന്ന പഴയകാല തത്വങ്ങൾ ഉപേക്ഷിച്ച് സ്നേഹംകൊണ്ട് എതിരാളികളെ കീഴ്പ്പെടുത്തണം. അതാണ് ക്രിസ്തീയ മഹത്വം എന്ന് ഓർമ്മിപ്പിച്ചു.

മറ്റൊരവസരത്തിൽ അതായത് 2002-ലെ അസോസിയേഷൻ നടക്കുന്നതിനെപ്പറ്റി ആലോചിക്കുന്ന അവസരത്തിൽ 1934-ലെ ഭരണഘടന സ്വീകരിച്ച് മറുഭാഗത്തുനിന്നും മെത്രാപ്പോലീത്താമാർ കടന്നുവരുന്നതിന് തയ്യാറായി. അവരുടെ സ്വീകാര്യതയെ സംബന്ധിച്ച് അസ്വാരസ്യങ്ങൾ സുന്നഹദോസിൽ ഉണ്ടായി എന്നുള്ളത് ബാവാ തിരുമേനിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലായി. ആ സുന്നഹദോസിനുശേഷം കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ ബാവാ തിരുമേനിയുടെ പ്രസംഗം ഫ്രഞ്ചുവിപ്ലവത്തിന്റെ കാരണം ഉദ്ധരിച്ചുകൊണ്ടായിരുന്നു. പ്രഭുക്കന്മാരുടെയും പുരോഹിതന്മാരുടെയും പെരുമാറ്റമാണ് ഫ്രഞ്ചുവിപ്ലവത്തിന് കാരണം എന്നത് തിരുത്തികുറിച്ച് ഒരു ചരിത്ര നോവലിസ്റ്റ് എഴുതി. ഫ്രഞ്ചുവിപ്ലവത്തിനു കാരണം പ്രഭുക്കന്മാരല്ല പുരോഹിതവർഗ്ഗത്തിന്റെ ചെയ്വനകളാണ് എന്ന്. അത് തീർത്തും ശരിയായിരിക്കും എന്ന് എനിക്ക് കഴിഞ്ഞദിവസം തോന്നി. ഈ സമയങ്ങളിൽ ഞാൻ ഗ്രഹാം സ്റ്റെയിൻ എന്ന ആസ്ട്രേലിയൻ മിഷണറിയുടെ ഭാര്യ ഗ്ലാഡിസ്റ്റെയിനിനെയാണ് ഓർക്കുന്നത്. കുഷ്ഠരോഗികളുടെ ഇടയിൽ പ്രവർത്തിച്ച അവരുടെ ഭർത്താവ് ഗ്രഹാം സ്റ്റെയിനെയും രണ്ടു കുഞ്ഞുങ്ങളെയും ഫിലിപ്പ് (10) തിമോത്തി (6) എന്നിവരെ ഓഡിഷയിലെ മനോഹർപൂർ വില്ലേജിൽവെച്ച് രാത്രിയിൽ (1999 ജനുവരി) വാഹനത്തോടെ കത്തിച്ചപ്പോൾ മാദ്ധ്യമപ്രവർത്തകരോട് അവർ പറഞ്ഞു ഞാൻ അക്രമികളായ കൊലപാതകികളോട് ക്ഷമിച്ചിരിക്കുന്നു. ആ ദാരുണ സംഭവത്തിൽപോലും അതിനുകാരണമായവരോട് ക്ഷമിക്കുവാൻ സാധിച്ച ആ മഹതിയുടെ ചെരുപ്പിന്റെ വാർ അഴിക്കുവാൻ പോലും..... എന്ന് തുടങ്ങിയ വാക്കുകൾ തിരുമേനി വളരെ രൂക്ഷമായും ഭംഗിയായും ആണ് അവതരിപ്പിച്ചത്. ആ വികാരപരമായ പ്രസംഗം അതേ രൂപത്തിലും ഭാഷയിലും ഇവിടെ അവതരിപ്പിക്കുന്നത് ശരിയല്ല എന്ന് എനിക്ക് തോന്നുന്നു. നിസ്സാരമായ കാര്യങ്ങളിൽ ക്ഷമിക്കാതെ പഴയ ചരിത്രങ്ങൾ പറഞ്ഞ് സഭയുടെ ഐക്യത്തെയും യോജിപ്പിനെയും തടയുന്നവർക്ക് വലിയ ഒരു സന്ദേശമാണ് തിരുമേനി നൽകിയത്. ഈ പ്രസംഗങ്ങൾ റിക്കാഡ് ചെയ്യേണ്ടതാണ് എന്ന് അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുൾപ്പെടെയുള്ളവർ പറഞ്ഞത് നടപ്പിലായില്ലെങ്കിലും ഒരു നല്ല വിഭാഗം ആളുകളുടെയും ഹൃദയത്തിൽ അത് റിക്കാഡ് ചെയ്തു. അതിനാൽ ആ വചനങ്ങൾ എപ്പോഴും മാർഗ്ഗദീപമാക്കുവാൻ സാധിച്ചിട്ടുണ്ട്. സ്നേഹത്തിന്റെ ഭാഷ എന്നും മധുരമുള്ളതാണ്. പ്രസംഗിക്കുന്നതും പറയുന്നതും ശരിയാണെങ്കിൽപോലും സ്നേഹമില്ലാ എങ്കിൽ അത് മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ പോലെയാകും ആ ശബ്ദം. ഒരിക്കൽക്കൂടി പൗലോസ് ശ്ലീഹായുടെ വചനങ്ങൾ ഓർത്തുകൊണ്ട് വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ. സ്നേഹം ഇല്ലാ എങ്കിൽ നാം ഒന്നുമില്ല സ്നേഹം കൊണ്ടും കാലം കൊണ്ടും ആരെയും കീഴ്പ്പെടുത്താൻ സാധിക്കും എന്ന് വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇന്ന് മലങ്കരസഭയിൽ ഇരുവിഭാഗവും വിദ്വേഷവും അസഹിഷ്ണുതയും വളർത്തി എങ്ങോട്ടു പോകുന്നു എന്നുള്ളത് ചിന്തിക്കണം. വർഗ്ഗീയതയുടെയും രാഷ്ട്രീയവുമായ ഫാസിസ്റ്റ് ശക്തികളെ വരെ കൂട്ടുപിടിക്കുവാൻ ചുണക്കുട്ടികൾ ശ്രമിക്കുന്നു. കാവിയും ചുവപ്പും നമ്മെ രക്ഷിക്കുമോ? ഇവയെല്ലാം കീഴ്പ്പെടുത്തുന്ന സ്നേഹം എന്ന വികാരം നമ്മെ ഭരിക്കട്ടെ.

## കാതോലിക്കേറ്റിന്റെ പ്രസക്തിയും...പേജ് 1-ൽനിന്ന്

സംസ്ക്കാരത്തിനും ഉചിതമായ രീതിയിൽ സഭാദിനാചരണം മാതൃകാപരമായി ക്രമീകരിക്കുവാൻ ഓരോ ഇടവകയിലെയും വികാരിമാരും ഭരണസമിതിയും പ്രത്യേകം ഉത്സാഹിക്കണം. അന്നേദിവസം വി.കുർബ്ബാനമദ്ധ്യേ പ.സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം. എല്ലാ ദേവാലയങ്ങളിലും സഭാപതാക ഉയർത്തുകയും ഏവരും സഭാദിന പ്രതിജ്ഞ എടുക്കുകയും ചെയ്യണം. കാതോലിക്കേറ്റിന്റെ പ്രസക്തിയും പ.സഭയുടെ വിശ്വാസവും പാരമ്പര്യവും സംബന്ധിച്ചുള്ള പ്രത്യേകമായ പ്രബോധനങ്ങളും ക്രമീകരിക്കണം.

## സഭാസമാധാനം......പേജ് 1-ൽനിന്ന്

ട്ടുള്ള വിനകൾ ചരിത്ര ഏടുകളിലെ കറുത്ത അദ്ധ്യായങ്ങളാണ്.

ഒരു വീണ്ടുവിചാരത്തിന് ചെവികൊടുത്തിരുന്നെങ്കിൽ ഒരുപക്ഷെ നാം പറഞ്ഞതും ചെയ്തതുമായ പലതും വേണ്ടായിരുന്നുവെന്ന് ബോധ്യമായിരുന്നുവെന്നതിന് സംശയമില്ല.

ദീർഘകാലത്തെ വ്യവഹാരങ്ങൾക്ക് അന്ത്യംകുറിച്ചുകൊണ്ട് 1958-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് രണ്ടായിനിന്ന് യുദ്ധം ചെയ്തുകൊണ്ടിരുന്ന ഇരുവിഭാഗവും യോജിച്ച് ഒന്നായി ചേർന്ന് പ്രവർത്തിച്ചിരുന്ന ആ ഒരു വ്യാഴവട്ടക്കാലം സഭയുടെ സുവർണ്ണ കാലഘട്ടമായിരുന്നു. അന്ന് കൈവന്ന സമാധാനം നിർഭാഗ്യവശാൽ നമുക്ക് കൈമോശം വന്നു. 1970കളുടെ ആരംഭത്തിൽ അസമാധാനത്തിന്റെ വിഷവിത്തു മുളച്ചു. അത് വളർന്ന് വലുതായി.

1958-ലേക്കാൾ ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു വിധിയാണ് 2017 ജൂലൈയിൽ രാജ്യത്തെ പരമോന്നത നീതിപീഠം പുറപ്പെടുവിച്ചിരിക്കുന്നത്. ഈ അവസരം നഷ്ടപ്പെടുത്തുന്നത് ആത്മഹത്യാപരമാണ്. 1958-ലെ സമാധാനം പൊളിഞ്ഞെന്ന് പറഞ്ഞ് വിധിയെ പഴിച്ച് അന്നത്തെ പിതാക്കന്മാരെ പള്ള് പറഞ്ഞ് കാലം കഴിക്കേണ്ടകാലഘട്ടമല്ലിത്. യോജിപ്പുണ്ടായാൽ വീണ്ടും പിളരുമെന്ന ചില വ്യവഹാരദാഹികളുടെയും സ്ഥാനമോഹികളുടെയും ദുഷ്ടലാക്കോടുകൂടിയ നിലപാട് വേദനാജനകമാണ്. വീണ്ടും വീഴുമെന്ന കാരണത്താൽ ആരും വീണിടത്തുതന്നെ കിടക്കാറില്ലല്ലോ. അതുകൊണ്ടാണ് വീണവർ എഴുന്നേറ്റ് ലക്ഷ്യത്തിലേക്ക് കുതിക്കുന്നത്.

നെല്ലും വാഴയും കുലയ്ക്കുമ്പോൾ അത് അതിനു ജന്മം നൽകിയ ഭൂമിദേവിയെ നമിക്കുന്നുവെന്നതിന്റെ സൂചനയായി തലകുനിക്കുന്നതുപോലെ വിജയികൾ കൂടുതൽ വിനയാന്വിതരാകണം. ഓട്ടക്കളത്തിൽ ജയപരാജയങ്ങൾ സ്വാഭാവികമാണ്. മത്സരത്തിൽ ജയപരാജയങ്ങൾ മറന്ന് തോറ്റവരും വിജയികളും പരസ്പരം ആശ്ലേഷിക്കുന്ന കാഴ്ച കാണികളെ സന്തോഷചിത്തരാക്കുന്നു.

1964-ൽ റഷ്യൻ പ്രസിഡന്റായിരുന്ന ക്രൂഷ്ചേവ് അമേരിക്കൻ പ്രസിഡന്റിന്റെ അന്ത്യശാസനകളെതുടർന്ന് ക്യൂബയിൽനിന്നും തന്റെ സൈന്യത്തേയും പടക്കോപ്പുകളെയും പിൻവലിച്ചില്ലായിരുന്നെങ്കിൽ അന്ന് മൂന്നാം ലോകമഹായുദ്ധം ഉദ്ഘാടനം ചെയ്യപ്പെടുമായിരുന്നു. വീരശൂര പരമാക്രമികളായിരുന്ന ക്രൂഷ്ചേവിന്റെ അന്നത്തെ പിന്മാറ്റം സത്യത്തിൽ വലിയൊരു വിജയമായിട്ടാണ് ലോകം വിലയിരുത്തുന്നത്.

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്നൊരു ചൊല്ലുണ്ട്. വിശ്വാസപരമായ കാര്യങ്ങളാണ് മലങ്കരസഭാപ്രശ്നങ്ങളുടെ മുഖ്യകാരണമെന്ന പ്രാചരണത്തോട് പൂർണ്ണമായി യോജിക്കുന്ന ഒരു വ്യക്തിയല്ല ഞാൻ. വിശ്വാസം എന്നതിലുപരി പണം, പ്രതാപം, സ്ഥാനം, മാനം, അധികാരം എന്നീ കസേരകളുടെ ഭാരം എടുത്തുമാറ്റുവാൻ സാധിക്കാത്തവിധം വർദ്ധിച്ചിരിക്കുന്നുവെന്നതല്ലേ പ്രധാന പ്രശ്നമെന്ന് ചിന്തിക്കുന്നവരാണ് ഏറിയ വിശ്വാസികളും. ആകാശങ്ങളിലിരിക്കുന്ന ബാവായിലുള്ള വിശ്വാസത്തിന്റെയും ഭയത്തിന്റെയും അപര്യാപ്തതയല്ലേ നമ്മുടെ പ്രശ്നം അനിശ്ചിതമായും അനന്തമായും നീളുന്നതിനുള്ള മുഖ്യകാരണമെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ലെന്ന് ഞാൻ ഉത്തമമായി വിശ്വസിക്കുന്നു.

1958-ലെ യോജിപ്പിനുമുമ്പ് പാത്രിയർക്കീസ് പക്ഷത്ത് നിന്നിരുന്ന ഒരു കുടുംബത്തിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയാണ് ഞാൻ. എന്നാൽ 58-ലെ സഭായോജിപ്പിനുശേഷം വീണ്ടും ഒരു പിളർപ്പ് ആവശ്യമില്ലായിരുന്നുവെന്ന് പൂർണ്ണമായി ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസമാണ് ഒരു ഓർത്തഡോക്സുകാരനായി തുടരുവാൻ എന്നെ പ്രേരിപ്പിക്കുന്ന ശക്തി.

സമയം ഇപ്പോഴും വൈകിയിട്ടില്ല. എന്നാൽ കഴിഞ്ഞുപോകുന്ന സമയം ഒരുനാളും തിരികെ ലഭിക്കുകയില്ലെന്ന് ഓർക്കണം. കൊഴിഞ്ഞുവീണ ഇലയുടെ ചാരത്തിൽനിന്നും പുത്തൻ ഇലകൾ രൂപംകൊള്ളുന്നില്ല. ആക്ഷനേക്കാൾ റിയാക്ഷന് മഹത്വം കല്പിക്കണം. സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നതിനേക്കാൾ ഉപരി സ്നേഹിക്കാത്തവരെ സ്നേഹിക്കണം. നീ നിന്റെ ശത്രുവിനെ സ്നേഹിക്കണമെന്ന സ്നേഹവാനായ ദൈവത്തിന്റെ തിരുവചനം നമ്മുക്ക് മാർഗ്ഗദർശനമായിരിക്കണം. ഐക്യമാണ് നമ്മുടെ ബലം. സൗഹൃദവും സാഹോദര്യവുമാണ് നമ്മുടെ സമ്പത്ത്. ഒരമ്മ മക്കളെന്ന നിലയ്ക്ക് നാമേവരും ഏകോദര സഹോദരങ്ങളാണ്. "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും എന്ന് വി.വേദം സാക്ഷിക്കുന്നു." (വി.മത്തായി 5:9)

## കാതോലിക്കേറ്റിനെ സ്മരിക്കുമ്പോൾ....പേജ് 1-ൽനിന്ന്

ക്കുക തുടങ്ങിയ നടപടികളാണ് അധികാരികൾ നിർവ്വഹിക്കേണ്ടത്. തികച്ചും ലൗകീകമായ കാര്യങ്ങളാണിവ. സഭ ഒരു ലൗകീക സ്ഥാപനമല്ലാത്തതുകൊണ്ട് സഭയിലെ സ്ഥാനങ്ങളെ സംബന്ധിച്ച അടിസ്ഥാന സങ്കല്പങ്ങൾ മൗലീകമായി വ്യത്യസ്തങ്ങളാണ്. സഭയിലെ സ്ഥാനങ്ങൾ അധികാരകേന്ദ്രമല്ല, മറിച്ച് കടമകളുടെ ചുമതലകളുടെ നിർവ്വഹണ സംവിധാനമാണ് എന്നത് നാം ഓർമ്മിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്യണം. സഭയിലെ സ്ഥാനങ്ങളുടെ ആധികാരികത അവ ധാർമ്മികതയിലും ആത്മീയതയിലും അധിഷ്ഠിതമാണ് എന്നതുകൊണ്ട് സംബന്ധമാകുന്നതാണ്. ഈ മൗലീകസത്യം വിസ്മരിക്കുമ്പോൾ സഭാസ്ഥാനികൾ സ്വന്തം സ്ഥാനത്തെ സംബന്ധിച്ചു ചില വിഭ്രാന്തികൾക്കു വിധേയരാകുവാനും അധികാരപ്രമത്തരാകുവാനും ഇടയാകുന്നു. സഭാചരിത്രം നമ്മെ പഠിപ്പിക്കുന്ന പാഠമാണിത്. അതുകൊണ്ടാണ് സഭാസ്ഥാനങ്ങളുമായി ബന്ധിപ്പിച്ചു അധികാരസ്ഥാനം എന്ന പ്രയോഗം കഴിയുന്നതും ഒഴിവാക്കുന്നതാണ് കൂടുതൽ ഉചിതം എന്ന് അഭിപ്രായപ്പെടുന്നത്. ബഹു.എം.ഒ.ജോണച്ചന്റെ കാതോലിക്കാദിന സന്ദേശം ശ്രദ്ധിച്ചപ്പോൾ മനസ്സിൽ ഉണർന്ന ചില ആശയങ്ങൾ പങ്കുവെയ്ക്കുകയാണ് ചെയ്യുന്നത്.

## അഖില മലങ്കര പ്രാർത്ഥനായോഗം ദക്ഷിണ മേഖലാ സമ്മേളനം

മാവേലിക്കര : അഖില മലങ്കര പ്രാർത്ഥനായോഗം ദക്ഷിണ മേഖലാ സമ്മേളനം ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്തു. മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് അദ്ധ്യക്ഷത വഹിച്ചു.

റവ.ഡോ.വൽസൻ തമ്പു സന്ദേശം നൽകി. കൊട്ടാരക്കര പുനലൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ തേവോദോറോസ് അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. എബി ഫിലിപ്പ്, റവ.യൂഹാനോൻ റമ്പാൻ, കെവി.പോൾ, ഫാ.ജോൺസൺ കല്ലിട്ടതിൽ, ഫാ.ഗീവർഗീസ് ജോൺ, ഫാ.ജോൺസ് ഈപ്പൻ, ഡോ.സാം വി.ഡാനിയേൽ, ഡോ.ജേക്കബ് ജോർജ്, ഫാ.ബിജി മാത്യൂസ്, ഫാ.ജോൺ വർഗീസ്, സനാജി ജോർജ് എന്നിവർ പ്രസംഗിച്ചു. റവ.ഡോ.വൽസൻ തമ്പു രചിച്ച കുരിശിന്റെ വിജയം എന്ന പുസ്തകം മുൻ ചീഫ് സെക്രട്ടറി ജിജി തോംസൺ പ്രകാശനം ചെയ്തു.

# പൗരാണികവും സ്വതന്ത്രവുമായ കാതോലിക്കാ സ്ഥാനം...പേജ് 1–ൽനിന്ന്

ന്നില്ല. എന്നാൽ പീഡകൾ എല്ലാം കഴിഞ്ഞ് നാലാം നൂറ്റാണ്ടിൽ സഭ സ്വതന്ത്രമായപ്പോൾ കേന്ദ്രീകൃതമായ ഭദ്രാസന ഭരണസംവിധാനം സഭയിലും പ്രായോഗികമായി. അഞ്ചാം നൂറ്റാണ്ടോടെ ഈ സംവിധാനം റോമാസാമ്രാജ്യത്തിലെ സഭയിൽ അങ്ങോളമിങ്ങോളം പ്രചാരത്തിലായി. രാഷ്ട്രീയ ഭരണസംവിധാനത്തിലും ഈ രീതിയിലുള്ള ക്രമീകരണം ഉണ്ടായിരുന്നുവെന്നതും അതിന്റെ അനുകരണമാണ് സഭയിലുണ്ടായത് എന്നതും വളരെ വ്യക്തമാണ്.

ഡയോക്ലീഷൻ ചക്രവർത്തി (284–305) ഭരണസൗകര്യാർത്ഥം റോമാസാമ്രാജ്യത്തെ പ്രൊവിൻസുകളായും ഓരോ പ്രൊവിൻസുകളെയും പന്ത്രണ്ടു ഭദ്രാസനങ്ങളായും (ജില്ലകളായി) വിഭജിച്ചു. ഓരോ പ്രധാന പട്ടണങ്ങളെയും കേന്ദ്രീകരിച്ചായിരുന്നു ഈ വിഭജനം. അതായത് ഭദ്രാസന കേന്ദ്രങ്ങൾ പ്രധാന പട്ടണങ്ങളായിരുന്നു. ഏകദേശം അതിനു സമാന്തരമായും സമാനമായുമാണ് സഭാഭരണസംവിധാനവും ക്രമീകരിക്കപ്പെട്ടത്.

### മെത്രാപ്പോലീത്താ

റോമാസാമ്രാജ്യത്തിലെ പ്രധാന നഗരങ്ങളായിരുന്ന റോം, അലക്സന്ത്രിയ, അന്ത്യോഖ്യാ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാർക്ക് മറ്റു മെത്രാപ്പോലീത്തന്മാർക്കില്ലാതിരുന്ന ചില പ്രത്യേക അധികാരങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചു. പട്ടണങ്ങളുടെ പൗരാണികത, രാഷ്ട്രീയപ്രാധാന്യം, സാമൂഹ്യവും വിദ്യാഭ്യാസപരവുമായ മുൻഗണന, ക്രൈസ്തവസഭയുടെ അതിപുരാതനകേന്ദ്രങ്ങൾ, അവിടുത്തെ സഭകളുടെ അപ്പോസ്തോലിക പിന്തുടർച്ച തുടങ്ങിയ പല പരിഗണനകളുംവെച്ചുകൊണ്ടാണ് ഈ പട്ടണങ്ങളിലെ സഭകൾക്കും അവയിലെ മെത്രാപ്പോലീത്തന്മാർക്കും മറ്റുള്ളവരെക്കാൾ മുൻഗണന ലഭിച്ചത്.

ഈ മെത്രാപ്പോലീത്തന്മാർക്ക് അവരുടെ ആസ്ഥാനങ്ങൾക്കു ചുറ്റുമുള്ള വിശാലമായ പ്രദേശങ്ങളുടെ മേൽ സഭാപരവും അല്ലാത്തതുമായ ഭരണാധികാരങ്ങൾ ലഭിച്ചു. ഇവരെ മെത്രാപ്പോലീത്താ എന്നോ പ്രധാന മെത്രാപ്പോലീത്താ എന്നോ മേലദ്ധ്യക്ഷൻ എന്നോ വിളിച്ചിരുന്നു. 325–ൽ കൂടിയ നിഖ്യാസുന്നഹദോസ് റോമാസാമ്രാജ്യത്തിലെ പ്രമുഖ സഭാകേന്ദ്രങ്ങളെ അംഗീകരിക്കുകയും റോം, അലക്സാന്ത്ര്യ അന്ത്യോഖ്യാ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാരെ പ്രധാന മേലദ്ധ്യക്ഷന്മാരായി ഗണിക്കുകയും ചെയ്തു.

റോമാസാമ്രാജ്യത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളെല്ലാം മെത്രാപ്പോലീത്തൻ സിറ്റികളായിരുന്നു. അവിടുത്തെ ബിഷപ്പന്മാരെയാണ് പിൽക്കാലത്ത് മെത്രാപ്പോലീത്തന്മാരെന്നു വിളിക്കുന്നത്. കുസ്തന്തീനോസ് രാജാവ് സഭയ്ക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടെ ബിഷപ്പുമാരുടെ രാഷ്ട്രീയവും സാമൂഹ്യവുമായ സ്ഥാനമാനങ്ങൾ വർദ്ധിച്ചു. അവർക്കു കൂടുതൽ ആത്മീയവും ലൗകീകവുമായ അധികാരാവകാശങ്ങൾ കൈവന്നു.

### പാത്രിയർക്കീസ്

പ്രധാന പട്ടണങ്ങളിലെ മെത്രാപ്പോലീത്തന്മാർക്ക് അവരുടെ ആസ്ഥാനങ്ങൾക്കു ചുറ്റുമുള്ള വിശാലമായ പ്രദേശങ്ങളുടെ മേൽ സഭാപരവും അല്ലാത്തതുമായ ഭരണാധികാരങ്ങൾ ലഭിച്ചു. ഇവരെ മെത്രാപ്പോലീത്താ എന്നോ പ്രധാന മെത്രാപ്പോലീത്താ എന്നോ മേലദ്ധ്യക്ഷൻ എന്നോ വിളിച്ചിരുന്നു. 325 –ൽ കൂടിയ നിഖ്യാസുന്നഹദോസ് റോമാസാമ്രാജ്യത്തിലെ പ്രമുഖ സഭാകേന്ദ്രങ്ങളെ അംഗീകരിക്കുകയും റോം, അലക്സാന്ത്ര്യ അന്ത്യോഖ്യാ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാരെ പ്രധാന മേലദ്ധ്യക്ഷന്മാരായി ഗണിക്കുകയും ചെയ്തു.

നിഖ്യാസുന്നഹദോസിന്റെ ആറാം കാനോനിൽ കാണുന്നത് ഇപ്രകാരമാണ് “അലക്സാന്ത്രിയായിലെ ബിഷപ്പിന് ഈജിപ്റ്റിലും ലിബിയായിലും പെന്റാപോലീസിലും ഉള്ള സഭകളുടെ മേൽനോട്ടം നൽകുന്ന പുരാതന പതിവു നിലനിൽക്കട്ടെ. റോമിലെ പതിവും ഇതുതന്നെ. അതുപോലെ അന്ത്യോഖ്യയ്ക്കും മറ്റു പ്രവിശ്യകൾക്കും ലഭിച്ചിരിക്കുന്ന അധികാരങ്ങളും നിലനിൽക്കട്ടെ”. നിഖ്യാ സുന്നഹദോസ് റോമിനും അന്ത്യോഖ്യയ്ക്കും അലക്സാന്ത്രിയ്ക്കും പുതിയതായി എന്തെങ്കിലും അധികാരങ്ങൾ നൽകുന്നില്ല. പ്രവിശ്യാ തല സ്ഥാനങ്ങളിലെ ബിഷപ്പന്മാർക്ക് അവരുടെ ചുറ്റുമുള്ള പ്രദേശങ്ങളിലുണ്ടായിരുന്ന അധികാരങ്ങൾ നിഖ്യാസുന്നഹദോസ് അംഗീകരിച്ചുകൊടുക്കുന്നു. ഈ തീരുമാനപ്രകാരം റോമിനോട് ചേർന്നുകിടന്ന പ്രദേശങ്ങളിലെ സഭയുടെ മേൽ റോമിനുണ്ടായിരുന്ന അധികാരങ്ങളും അലക്സന്ത്രിയായിലെ ബിഷപ്പിന് ലിബിയ, പെന്റാപോലീസ് തുടങ്ങിയ പ്രദേശങ്ങളിലെ സഭകളുടെ മേലുള്ള അധികാരവും അന്ത്യോഖ്യയോട് ചേർന്നു കിടന്നിരുന്ന ഇടവകകളുടെ മേൽ അവിടുത്തെ ബിഷപ്പിനുണ്ടായിരുന്ന അധികാരങ്ങളും നിഖ്യാസുന്നഹദോസ് അംഗീകരിച്ചു. (നിഖ്യാ സുന്നഹദോസിന്റെ ഈ കാനോൻ ബാർഎബ്രായ തെറ്റായാണ് ഹൂദായ കാനോൻ ഏഴാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്. ആ തെറ്റായ ധാരണയാണ് മലങ്കരസഭയിൽ പ്രചരിച്ചിരിക്കുന്നത്.)

381–ൽ കൂടിയ കുസ്തന്തീനോപോലീസിലെ സുന്നഹദോസ് കുസ്തന്തീനോപോലീസിലെ മെത്രാപ്പോലീത്തായ്ക്കും ഇതേ അധികാരാവകാശങ്ങളും സ്ഥാനബഹുമാനങ്ങളും നൽകി. പ്രസ്തുത സുന്നഹദോസിന്റെ മൂന്നാമത്തെ കാനോൻ ഇപ്രകാരമാണ് “കുസ്തന്തീനോപോലീസിലെ ബിഷപ്പിന് റോമിലെ ബിഷപ്പിനു ശേഷം മുൻഗണന ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ആസ്ഥാനം പുതിയ റോം ആണ്.” പ്രധാനപട്ടണങ്ങളിലെ ഈ മെത്രാപ്പോലീത്തന്മാരെയാണ് പിൽക്കാലത്ത് പാത്രിയർക്കീസന്മാർ എന്നു വിളിക്കുന്ന പതിവ് അഞ്ചും ആറും നൂറ്റാണ്ടുകളിൽ വ്യാപകമായി. റോമിലെ സഭാതലവനെ പാപ്പാ എന്നും അലക്സാന്ത്രിയായിലെ സഭാതലവനെ പോപ്പ് പാത്രിയർക്കീസ് എന്നും അന്ത്യോഖ്യായിലെയും കുസ്തന്തീനോപോലീസിലെയും സഭാതലവന്മാരെ പാത്രിയർക്കീസന്മാർ എന്നും വിളിക്കുന്ന പതിവാണുള്ളത്.

### പാത്രിയർക്കാ സ്ഥാനംപോലെ തന്നെയുള്ള ഒരു സ്ഥാനമാണ് കാതോലിക്കാ സ്ഥാനം.

റോമാസാമ്രാജ്യത്തിലെ സഭയിൽ പാത്രിയർക്കാ സ്ഥാനം ഉണ്ടായ കാലഘട്ടത്തിൽതന്നെ പേർഷ്യാ, അർമ്മീനിയ, ജോർജ്ജിയ എന്നീ സഭകളിൽ കാതോലിക്കാ സ്ഥാനവും ഉണ്ടായി.

കാത്–ഹോലിക്കോസ് എന്ന ഗ്രീക്കു പദങ്ങളിൽനിന്നാണ് കാതോലിക്കോസ് എന്ന പദമുണ്ടായത്. പൊതുവിന്റെ ആൾ എന്നാണ് ഈ വാക്കിന്റെ അർത്ഥം. റോമാസാമ്രാജ്യത്തിനുള്ളിലെ സഭാതലവന്മാരെ പാത്രിയർക്കീസ് എന്നു വിളിച്ചിരുന്നെങ്കിൽ റോമാസാമ്രാജ്യത്തിനു പുറത്തുണ്ടായിരുന്ന സഭാതലവന്മാരെ കാതോലിക്കോസ് എന്നാണ് വിളിച്ചിരുന്നത്. കാതോലിക്കാ സ്ഥാനം പാത്രിയർക്കാ സ്ഥാനത്തേക്കാൾ ഒട്ടും കുറവുള്ള സ്ഥാനമല്ല. ഒരിക്കലും കാതോലിക്കാ സ്ഥാനം പാത്രിയർക്കാ സ്ഥാനത്തിനു കീഴിൽ വരികയോ, അധികാരാവകാശങ്ങളുടെ കാര്യത്തിൽ പിന്നിൽ നിൽക്കുകയോ ചെയ്തിട്ടില്ല. റോമാസാമ്രാജ്യത്തിലെ സഭാതലവന്മാരായിരുന്ന പാത്രിയർക്കീസന്മാർക്ക് അതത് സഭകളിൽ ഉണ്ടായിരുന്ന എല്ലാ അധികാരാവകാശങ്ങളും കാതോലിക്കാമാർക്ക് അവരവരുടെ സഭകളിലുണ്ടായിരുന്നു.

325ലെയും 381ലെയും സുന്നഹദോസുകൾ റോമാസാമ്രാജ്യത്തിലെ റോം, അലക്സന്ത്രിയ, അന്ത്യോഖ്യാ, കുസ്തന്തീനോപോലീസ് എന്നിവിടങ്ങളിലെ ബിഷപ്പന്മാർക്കു പാത്രിയർക്കാ സ്ഥാനം നൽകിയതുപോലെ 451–ലെ കൽക്കദൂനാ സുന്നഹദോസ് യെറുശലേമിലെ ബിഷപ്പിനും പാത്രിയർക്കാ സ്ഥാനം നൽകി. ഇങ്ങനെ അഞ്ചാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിലെ സഭയിൽ അഞ്ചു പാത്രിയർക്കാ സ്ഥാനങ്ങളുണ്ടായിരുന്നു.

### പേർഷ്യയിലെ കാതോലിക്കാ സ്ഥാനം

ചരിത്രപരവും സാമൂഹ്യവും രാഷ്ട്രീയവുമായ കാരണങ്ങളാലാണ് പേർഷ്യയിലെ കാതോലിക്കാ സ്ഥാനമുണ്ടാകുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നു കാണാം.

ഒന്നാം നൂറ്റാണ്ടിൽതന്നെ എഡേസ്സായിലും പേർഷ്യൻ സാമ്രാജ്യത്തിന്റെ പ്രധാന നഗരങ്ങളിലും ക്രൈസ്തവ സഭ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ ഓരോ സ്ഥലങ്ങളിലുമുണ്ടായിരുന്ന ബിഷപ്പന്മാർ ആരെല്ലാമായിരുന്നു എന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. പേർഷ്യയിലെ സഭാസ്ഥാപനത്തെക്കുറിച്ചും പുരാതനസഭാതലവന്മാരെക്കുറിച്ചുമൊക്കെ ബാർ എബ്രായ പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ എഴുത്തുകൾക്ക് മലങ്കരസഭയിൽ പ്രചുരപ്രചാരവും സിദ്ധിച്ചിട്ടുണ്ട്. ബാർ എബ്രായയുടെ രചന അനുസരിച്ച് എ.ഡി.231–നോടടുത്ത് പേർഷ്യയിൽ കാതോലിക്കാ സ്ഥാനം ഉണ്ടായി എന്നാണ് പറയുന്നത്. ഇതിന്റെ വെളിച്ചത്തിൽ പാത്രിയർക്കാ സ്ഥാനത്തേക്കാൾ 94 വർഷം മുമ്പ് ഉണ്ടായതാണ് കാതോലിക്കാ സ്ഥാനമെന്ന് പുത്തൻകാവിൽ പീലക്സിനോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചിട്ടുള്ളത് പ്രത്യേകം സ്മരണാർഹമാണ്. ഈ നിലപാടിനെ ഡോ. വി.സി.ശമുവേലച്ചൻ വളരെ ശക്തമായി വിമർശിക്കുകയും തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. ഇതു വെറുമൊരു കെട്ടുകഥമാത്രമാണെന്നാണദ്ദേഹത്തിന്റെ അഭിപ്രായം. (ദിവ്യബോധനത്തിന്റെ സഭ വളരുന്നു എന്ന പുസ്തകം പരിശോധിക്കുക). പേർഷ്യൻ രേഖകളനുസരിച്ച് ഈ വിഷയം പരിശോധിക്കണം.

സുവിശേഷപ്രവർത്തനം മൂലം പേർഷ്യയിൽ ആകമാനം സഭ വ്യാപിക്കുകയും മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യയിൽ ഒരു മേൽപട്ടക്കാരന്റെ നേതൃത്വത്തിൽ സഭ സംഘടിതമാവുകയും ചെയ്തു. സെലൂഷ്യായിലെ പുതിയ ബിഷപ്പിന്റെ പേര് പാപ്പാ എന്നായിരുന്നു. പാപ്പാ പണ്ഡിതനും പ്രശസ്തനും സുറിയാനി പേർഷ്യൻ തുടങ്ങിയ ഭാഷകളിൽ അസാമാന്യ നൈപുണ്യമുള്ളയാളും ഭരണതന്ത്രജ്ഞനുമായിരുന്നു.

ഇക്കാലഘട്ടത്തിലെ ചരിത്രം പരിശോധിക്കുമ്പോൾ സഭാഭരണപരമായി വളരെ പ്രധാനപ്പെട്ട ഒരു മാറ്റം അഥവാ വളർച്ച അല്ലെങ്കിൽ പുരോഗതി ഉണ്ടായതായി കാണാം. റോമാസാമ്രാജ്യത്തിലെ പുരാതനവും പ്രധാനപ്പെട്ടതുമായ പട്ടണങ്ങളിലെ ബിഷപ്പന്മാർ അവർക്കു ചുറ്റുമുള്ള പ്രദേശങ്ങളിലെ സഭകളുടെ ഭരണംകൂടി അവകാശപ്പെടുകയോ, കൈവശപ്പെടുത്തുകയോ, അവർക്കു ലഭിക്കുകയോ ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. അതിന്റെ ഒരു പരിസമാപ്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നിഖ്യാസുന്നഹദോസിൽ കാണാം. നിഖ്യാസുന്നഹദോസ് റോം, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നീ പ്രധാന പട്ടണങ്ങളിലെ ബിഷപ്പന്മാർക്ക് മറ്റു ബിഷപ്പന്മാരിലുപരി സ്ഥാനവും അധികാരവും നൽകി (അതാണ് പിന്നീട് പാത്രിയർക്കാ സ്ഥാനമായി വളർന്നത്) റോമ്മാസാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലെ ബിഷപ്പന്മാർ ചുറ്റുമുള്ള പ്രദേശങ്ങളിൽ തങ്ങളുടെ അധികാരം സ്ഥാപിച്ചുവന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇത് പേർഷ്യയുടെ തലസ്ഥാനമായ സെലൂഷ്യായിൽ സഭാഭരണമേറ്റ സമർത്ഥനായ പാപ്പായ്ക്ക് പേർഷ്യൻ സാമ്രാജ്യത്തിലെ സഭ മുഴുവൻമേലും ആധിപത്യം സ്ഥാപിക്കാൻ ഒരു പ്രചോദനമായിരുന്നു. പാപ്പാ ആകമാന പേർഷ്യൻ സഭാനേതൃത്വം അവകാശപ്പെടുകയും എഡി.315–നോടടുത്ത് അത് കരസ്ഥമാക്കുകയും ചെയ്തു.

പാപ്പാ നിര്യാതനായപ്പോൾ സൈമൺ (ശെമഓൻ ബർസാബെ) അദ്ദേഹത്തിന്റെ പിൻഗാമിയായി. അദ്ദേഹം ഭരണമേറ്റപ്പോൾ സാഫോർ രണ്ടാമനായിരുന്നു പേർഷ്യയിലെ രാജാവ്. 339 മുതൽ സാഫോർ രണ്ടാമൻ ക്രിസ്ത്യാനികളെ പീഢിപ്പിക്കാൻ തുടങ്ങി. ക്രൂരമായ ആ പീഢയിൽ സൈമൺ കാതോലിക്കാ കൊല്ലപ്പെട്ടു. ക്രൈസ്തവപീഢനം 379 വരെ നീണ്ടുനിന്നു.

സൈമൺ ബർസാബേയും അതിനുശേഷം ശഹദോസ്ത്തും അതിനെ തുടർന്ന് ബാർബ്ശേമിൻ എന്നിങ്ങനെ മൂന്നു കാതോലിക്കാമാരെ സാഫോർ ചക്രവർത്തി അതിക്രൂരമായി കൊലചെയ്തു. കാതോലിക്കാമാരെപ്പോലെ അനേക ബിഷപ്പന്മാരും, നൂറുകണക്കിന് വൈദികരും ആയിരക്കണക്കിന് വിശ്വാസികളും (16000 പേരുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്) സാഫോർ രണ്ടാമന്റെ പീഡയിൽ കൊല്ലപ്പെട്ടു. ഇങ്ങനെ പീഡിപ്പിക്കപ്പെട്ടിരുന്നതുകൊണ്ട് സഭയ്ക്കു വളരാനോ കാതോലിക്കായുടെ നേതൃത്വത്തിലുള്ള ഭരണസംവിധാനം ശക്തിപ്പെടുത്താനോ സാധിച്ചില്ല.

### കാതോലിക്കായുടെ അധികാരാവകാശങ്ങൾ

പേർഷ്യയിലെ ക്രൈസ്തവപീഡ കഴിഞ്ഞശേഷം അഞ്ചാം നൂറ്റാണ്ടിൽ കൂടിയ പേർഷ്യൻ സഭാസുന്നഹദോസുകളാണ് കാതോലിക്കാ സ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ നിർവചിച്ചത്. സെലൂഷ്യയിലെ മേൽപട്ടക്കാരനായിരുന്ന പാപ്പ ആകമാന പേർഷ്യൻ സഭയുടെ നേതൃസ്ഥാനത്തേക്കു വന്നപ്പോൾ അതിനെ പിന്തുണച്ച് പാശ്ചാത്യ ബിഷപ്പന്മാരുടെ കത്തുകൾ ലഭിച്ചിരുന്നു. നാലാം നൂറ്റാണ്ടുമുഴുവൻ പീഢകളുടെ ദുഷ്കാലമായിരുന്നതിനാൽ കാതോലിക്കാ സ്ഥാനത്തിന് അതിന്റേതായ ഭരണസ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ സാധിച്ചില്ല. എന്നാൽ അഞ്ചാം നൂറ്റാണ്ടിൽ പേർഷ്യൻ സഭ വളരെ ശക്തമായി സംഘടിപ്പിക്കപ്പെടുകയും, പ്രധാനപ്പെട്ട പല സുന്നഹദോസുകളും കൂടി കാതോലിക്കാസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ വ്യക്തമായി നിർവ്വചിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തിന്റെ പ്രാധാന്യം ഉയർത്തുകയും സ്ഥാനബഹുമാനാദികളെ വർദ്ധിപ്പിക്കുകയും ചെയ്തത് അഞ്ചാം നൂറ്റാണ്ടിൽ പേർഷ്യയിൽ നടന്ന ഈ സുന്നഹദോസുകളാണ്. കാതോലിക്കാമാരായ മാർ ഇസഹാക്കി, യാബാലാഹ, ദാദീശോ, അകാചീയൂസ്, ബബായി എന്നിവർ യഥാക്രമം 410,420,424,486,498 എന്നീ വർഷങ്ങളിൽ കൂടിയ സുന്നഹദോസുകൾ ഇസഹാക്കിന്റെ സുന്നഹദോസ്, യാബാലാഹയുടെ സുന്നഹദോസ് എന്നിങ്ങനെ ആ കാതോലിക്കാമാരുടെ പേരിൽതന്നെ അറിയപ്പെടുന്നു.

കാതോലിക്കോസിന് വളരെ ഉന്നതവും ശ്രേഷ്ഠവുമായ സ്ഥാനമാണ് ഈ സുന്നഹദോസുകളെല്ലാം നൽകിയിരിക്കുന്നത്. മെത്രാനും കിഴക്കിന്റെ ആർച്ചു ബിഷപ്പും കാതോലിക്കോസും, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനും മഹാനും അഭിവന്ദ്യനും വാഴ്ത്തപ്പെട്ടവനും..........പൗരസ്ത്യ മെത്രാന്മാരുടെ എല്ലാം തലവനും വിശുദ്ധ പുരോഹിതനും പൗരസ്ത്യ കാതോലിക്കോസും പാത്രിയർക്കീസും ഉന്നതനായ മെത്രാപ്പോലീത്തായും........ തുടങ്ങി ശ്രേഷ്ഠമായ സ്ഥാനനാമങ്ങളാണ് ഈ സുന്നഹദോസുകൾ പൗരസ്ത്യ കാതോലിക്കായ്ക്ക് നൽകിയിരിക്കുന്നത്.

പൗരസ്ത്യ കാതോലിക്കോസ് പൗരസ്ത്യ സഭയ്ക്ക് പത്രോസിനെപ്പോലെ എല്ലാ സഭാസമ്മേളനങ്ങളുടെയും അദ്ധ്യക്ഷനാണ് എന്നും സുന്നഹദോസ് ഒരവസരത്തിൽ പ്രഖ്യാപിച്ചു. കാതോലിക്കോസിന്റെ കീഴിലുള്ളവർ അദ്ദേഹത്തിന്റെ ശിഷ്യരും പ്രജകളു

(ശേഷം പേജ് 5–ൽ)

# മാനേജിംഗ് കമ്മറ്റി നേരിട്ടു തെരഞ്ഞെടുത്ത പി.പി. മാത്യു

വർഗീസ് ജോൺ തോട്ടപ്പുഴ



2018 മാർച്ച് അഞ്ചിന് നിര്യാതനായ ശ്രീ പി. പി. മാത്യു തുമ്പമൺ (1975 – 1980), ചെങ്ങന്നൂർ (1989 – 1994) ഭദ്രാസനങ്ങളെ പ്രതിനിധീകരിച്ച് മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയംഗമായിരുന്നു. 1989ൽ മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തതാണെങ്കിൽ 1975ൽ മാനേജിംഗ് കമ്മറ്റി തന്നെ നേരിട്ട് അദ്ദേഹത്തെ തെരഞ്ഞെടുക്കുകയായിരുന്നു.

1974 ഒക്ടോബർ രണ്ടിനു നടന്ന മലങ്കര അസോസിയേഷൻ തുമ്പമൺ ഭദ്രാസനത്തെ മാനേജിംഗ് കമ്മറ്റിയിൽ പ്രതിനിധീകരിക്കുന്നതിന് മൂന്നു വൈദികരെയും ആറ് അയ്മേനികളെയും തെരഞ്ഞെടുത്തു. (1959 – 1980 കാലത്ത് മെത്രാസന പ്രാതിനിധ്യം പരമാവധി ഒമ്പത് ആയിരുന്നു). അവരിൽ ഫാ. ടി.എം. ഗീവർഗീസ് (ബേസിൽ അരമന, പത്തനംതിട്ട) 1975 ജനുവരി 31നും അഡ്വ. തോമസ് വർഗീസ് (പരുവേലിൽ, മാരാമൺ) ഫെബ്രുവരി ഒമ്പതിനും നിര്യാതരായി. പ്രഥമ യോഗം കൂടി സെക്രട്ടറി തെരഞ്ഞെടുപ്പു നടത്തുന്നതിനു (1975 മേയ് 12) മുമ്പു തന്നെ ഈ ഒഴിവുകളുണ്ടായി.

സഭാ ഭരണഘടന രീതുശേീ ന് അവസരം നൽകുന്നുണ്ട്. “കാലാവധിക്കുള്ളിൽ മാനേജിംഗ് കമ്മറ്റിയിൽ ഏതെങ്കിലും ഒഴിവുണ്ടാകുന്നതായാൽ പകരം ആളിനെ നിയമിക്കുന്നതിന് ശേഷം അംഗങ്ങൾക്ക് അവകാശമുള്ളതാകുന്നു” എന്നു ഭരണഘടന (വകുപ്പ് 79) പറയുന്നു.

1975 ഓഗസ്റ്റ് 19 ചൊവ്വാഴ്ച കൂടിയ 1975ലെ രണ്ടാമത്തെ മാനേജിംഗ് കമ്മറ്റി യോഗ മിനിറ്റ്സിൽ നിന്ന് :

9. മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കുള്ള നിയമനം

മാനേജിംഗ് കമ്മറ്റി അംഗങ്ങളായിരുന്ന ദി.ശ്രീ. ഫാ. റ്റി.എം. ഗീവറുഗീസിന്റെയും ശ്രീ. തോമസ് വറുഗീസിന്റെയും നിര്യാണം മൂലം മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കു നിയമനം നടത്തുന്നതിനെ പറ്റി യോഗം ആലോചിച്ചു. ദി.ശ്രീ. ഫാ. പി.ഏ. ശമുവേൽ, ദി.ശ്രീ. ഫാ. വി.ജെ. മാത്യു, ശ്രീ. എം. ജോർജ്, ശ്രീ. പി.പി. മാത്യു എന്നിവരുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടു. നാമനിർദ്ദേശങ്ങൾ ഒന്നും പിൻവലിക്കപ്പെട്ടില്ല. തുടർന്നു വോട്ടിംഗ് നടത്തിയതിൽ, ദി. ശ്രീ. ഫാ. പി.ഏ. ശമുവേലിനും ശ്രീ. പി.പി. മാത്യുവിനും ഭൂരിപക്ഷം വോട്ടുകൾ കിട്ടി. അവർ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി അദ്ധ്യക്ഷൻ തിരുമേനി പ്രഖ്യാപിച്ചു.

അംഗങ്ങളെ co-opt ചെയ്യുന്നതിന് ഒരു voting വേണ്ടിവന്ന മറ്റ് സംഭവങ്ങൾ ഉള്ളതായി ഈ ലേഖകന് അറിവില്ല. അങ്ങനെ മലങ്കര സഭാചരിത്രത്തിൽ അപൂർവമായ ഒരു സ്ഥാനം നേടിയ വ്യക്തിയാണ് ശ്രീ പി. പി. മാത്യു.

# കോടതിവിധിയുണർത്തിയ...പേജ് 2–ൽനിന്ന്

ആഡിസ് അബാബാ സമ്മേളനത്തിൽ കാര്യമായി ഉന്നയിച്ചില്ല.

ഒരു ചരിത്രകാരനായ അന്ത്യോഖ്യൻ പാത്രിയർത്തീസു മാർ ഇഗ്നാത്തിയോസു യാക്കോബു തൃതിയനുമായി ഞാൻ ഈ വിഷയം അധികരിച്ചു നടത്തിയ സംഭാഷണം ഇവിടെ സംഗതമാണെന്നു തോന്നുന്നു. ഞാൻ ചോദിച്ചു: 1665–നു മുമ്പ് ഇൻഡ്യൻ സഭയ്ക്ക് അന്ത്യോഖ്യായുമായി ബന്ധമുണ്ടായിരുന്നതായി എന്തെങ്കിലും തെളിവുണ്ടോ? ഉത്തരം: ഉണ്ട്. ഈഷോദാദ് എഴുതിയ ലേഖനത്തിന്റെ വ്യാഖ്യാനത്തിലെ മാർജ്ജിനിൽ, ഈ ലേഖനം, ഇൻഡ്യൻ പുരോഹിതൻ, ദാനിയേലിന്റെ സഹായത്തോടെ ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു എന്നുണ്ട് . ഞാൻ അതിനെക്കുറിച്ച്: ഈ വാദം പേർഷ്യൻ സഭയുമായി ഇൻഡ്യൻ സഭയ്ക്ക് ബന്ധം ഉണ്ടായിരുന്നു എന്നല്ലാതെ, അന്ത്യോഖ്യൻ സഭയുമായി വേഴ്ചയുണ്ടായിരുന്നു എന്നല്ല കാണിക്കുന്നത് . അവിടെ സംസാരം അവസാനിച്ചു. ഇതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത് ഇൻഡ്യൻ സഭ എങ്ങനെയും അന്ത്യോഖ്യൻ സുറിയാനിസഭയുടെ കീഴായിരുന്നു എന്ന് സ്ഥാപിച്ചുകിട്ടുവാൻ അന്ത്യോഖ്യൻ സിറിയൻ പാത്രിയർക്കീസു ശ്രമിക്കുന്നു എന്നാണ്. എന്നാൽ 1665–ൽ യെറുശലേം മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് കേരളത്തിൽ വന്നതിനുമുമ്പ് അന്ത്യോഖ്യൻ സുറിയാനിസഭയിൽ നിന്ന് ആരും കേരളത്തിൽ ആഗതരായിരുന്നു എന്നുള്ളതിനു തെളിവില്ല എന്നുള്ളതാണ് വസ്തുത.

....ആഡിസ് അബെബായോഗത്തിൽ വച്ചുണ്ടായ ഒരു ആശയവിനിമയം സഭകളുടെ എണ്ണത്തെ സംബന്ധിച്ചുള്ളതായിരുന്നു. സഭകൾ ആകെ മൂന്നെന്നും അഞ്ചെന്നുമുള്ള നിലപാട്. മൂന്നിനു പ്രധാനമായി വാദിച്ചത് അന്ത്യോക്യൻ സുറിയാനിക്കാരും അവരോട് ചെർന്ന് ഈജിപ്തുകാരുമായിരുന്നു. ഇന്ത്യാക്കാർ തങ്ങളുടെ കൂടെയെന്നുള്ള നിലപാട് സുറിയാനിക്കാരും എത്യോപ്യക്കാർ കൂടെയുണ്ടെന്ന് ഈജിപ്തുകാരും ഉദ്ദേശിച്ചായിരുന്നു അവർ ഇങ്ങനെ വാദിച്ചത്. അവർക്കു ഭാഷ. ജാതി, സംസ്കാരം ആദിയായവയൊന്നും ബാധകമായിരുന്നില്ല. എന്നാൽ ഇവയടിസ്ഥാനമാക്കിയായിരുന്നു എത്യോപ്യക്കാരും ഇന്ത്യാക്കരും തങ്ങളുടെ നിലപാട് അവലംബിച്ചത്. ഒടുവിൽ സഭകളുടെ എണ്ണം അഞ്ചെന്നുള്ള തീരുമാനമാണവിടെ സ്വീകരിച്ചത്. ആ അടിസ്ഥനത്തിൽ ഓറിയന്റൽ ഓർത്തഡോക്സു സഭകൾ അഞ്ചെന്നുള്ള നിലപാട് അവലംബിച്ചു. ഈ അഞ്ചു സഭകളിൽനിന്ന് രണ്ടുപേർവീതം ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയേയും അസ്സംബ്ലി നിയമിച്ചു. ഇൻഡ്യൻ സഭയിൽ നിന്നുള്ള രണ്ട് അംഗങ്ങൾ റവ.ഡോ.കെ.സി.ജോസഫും ഞാനും ആയിരുന്നു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ അഞ്ചാണെന്നുള്ള തീരുമാനം എടുത്തത് സഭകളുടെ നേതാക്കളാണ്. പോരെങ്കിൽ, ആ നേതാക്കൾ ചേർന്ന സമ്മേളനം ഓരോ സഭയിൽനിന്ന് ഈരണ്ടുപേരേ ഉൾപ്പെടുത്തി ഒരു സ്റ്റാൻഡിംഗ് കമ്മറ്റിയെ നിയമിച്ചു. അതിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധകളിൽ ഒരാളായി ആദ്യത്തെ പലകൊല്ലങ്ങളിൽ ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. സാമ്പത്തികമായ നഷ്ടംപോലും സഹിച്ചുകൊണ്ട് സഭകളുടെ യോജിപ്പിനുവേണ്ടി ഞാൻ ചെയ്തിട്ടുള്ള കാര്യങ്ങളിലൊന്നായിരുന്നു അത്. അതുകൊണ്ട് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ അഞ്ചെന്നുള്ള വാസ്തവം തള്ളിക്കളയുവാൻ എനിക്കു സാധിക്കുന്നില്ല. ആ അഞ്ചു സഭകളിൽ ഒന്നും മറ്റൊന്നിന്റെ കീഴിലല്ല എന്ന പരമാർത്ഥം നാം സമ്മതിക്കുകതന്നെ വേണം. സഭകൾ തമ്മിലുള്ള ഐക്യത്തിൽ പരസ്പരസ്നേഹത്തോടെയാണ് നാം പുരോഗമിക്കേണ്ടത്...

# പൗരാണികവും സ്വതന്ത്രവുമായ കാതോലിക്കാ സ്ഥാനം...പേജ് 1–ൽനിന്ന്

മെന്ന നിലയിൽ അദ്ദേഹത്തോട് കടപ്പെട്ടവരും അദ്ദേഹത്തിനു വിധേയനുമാണ്. അദ്ദേഹം നൽകുന്ന തീരുമാനങ്ങൾ സ്വമനസ്സാ സ്വീകരിക്കുകയും വേണം. പൗരസ്ത്യ സിംഹാസനത്തിൽ ആരൂഢരാകുന്ന കാതോലിക്കാമാർ ചെയ്യുന്ന സംഗതികളെല്ലാം ഞങ്ങളും ഞങ്ങളുടെ പിൻഗാമികളും അംഗീകരിക്കും എന്നും സുന്നഹദോസ് പ്രഖ്യാപിച്ചു.

കാതോലിക്കോസിനെതിരെ പരാതിപ്പെടാൻ ആർക്കും അധികാരമില്ലെന്ന് പ്രഖ്യാപിച്ച സുന്നഹദോസ് കാതോലിക്കോസിനെ പാത്രിയർക്കീസ് എന്നും സംബോധന ചെയ്തിട്ടുണ്ട്.

### ഉപസംഹാരം

കാതോലിക്കാ സ്ഥാനത്തെക്കുറിച്ചുള്ള പേർഷ്യൻ സഭാ സുന്നഹദോസുകളുടെ ഈ തീരുമാനം മലങ്കരസഭ മനസ്സിരുത്തി പഠിക്കേണ്ടതാണ്. കാതോലിക്കാ സ്ഥാനത്തിന്റെ ശ്രേഷ്ഠതയും ഉന്നത അധികാരവും പാശ്ചാത്യ സഭയിലെ പാത്രിയർക്കാ സ്ഥാനങ്ങളോട് തുല്യമായ സ്ഥാനവും തെളിയിക്കുന്നതാണ് 424–ലെ ദാദീശോയുടെ സുന്നഹദോസ് തീരുമാനങ്ങൾ. കാതോലിക്കോസിനെതിരെ ആർക്കെങ്കിലും എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അത് മശ്ഹായുടെ കോടതിയിൽ മാത്രമേ വിസ്തരിക്കപ്പെടാൻ പാടുള്ളു എന്നതായിരുന്നു പേർഷ്യൻ സഭയുടെ നിലപാട്. യഥാർത്ഥത്തിൽ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെയാണ് പുരാതനമായ കാതോലക്കാ സ്ഥാനവും ആ സ്ഥാനത്തിന്റെ അധികാരാവകാശങ്ങളും.

എന്നാൽ മലങ്കരസഭാ ഭരണഘടനയുടെ 118–ാം വകുപ്പിൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക : “മേൽപട്ടക്കാരുടെ പേരിലുള്ള പരാതി എപ്പിസ്കോപ്പൽ സിനഡിന്റെ പ്രസിഡന്റിന്റെ അടുക്കൽ കൊണ്ടുവരേണ്ടതും പ്രസിഡന്റ് അതിനെ സിനഡിൽ കൊണ്ടുവരേണ്ടതും ഇരുകക്ഷികൾക്കും നോട്ടീസ് കൊടുത്ത് തെളിവെടുത്ത് വാദം കേട്ടതിനു ശേഷം സിനഡിന്റെ ഭൂരിപക്ഷാഭിപ്രായ പ്രകാരം പ്രസിഡന്റ് വിധി കല്പിക്കേണ്ടതും ആകുന്നു.

പരാതി കാതോലിക്കായെപ്പറ്റിയാണെങ്കിൽ മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ പാത്രിയർക്കീസിനെക്കൂടെ ക്ഷണിക്കേണ്ടതും. അദ്ദേഹം വരുന്നപക്ഷം സിനഡിന്റെ പ്രസിഡന്റായിരിക്കുന്നതും, വരാത്തപക്ഷം സിനഡ് വിധി കല്പിക്കുന്നതുമാകുന്നു. ഇവയ്ക്കായി കൂടുന്ന സിനഡിൽ ആലോചനയ്ക്കായി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളിൽ ആവശ്യമെന്നു തോന്നുന്നവരെ ക്ഷണിക്കാവുന്നതാകുന്നു”. മലങ്കരസഭാ ഭരണഘടനയിലെ ഈ വകുപ്പ് മലങ്കരയിലെ കാതോലിക്കായുടെ അധികാരാവകാശങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതാണ്. ഈ വകുപ്പ് മാത്രമല്ല മലങ്കരയിലെ കാതോലക്കായേയും കാതോലിക്കാ സ്ഥാനത്തെയും തുഛീകരിക്കുന്ന വേറെ ചില വകുപ്പുകളും കാനോനുകളും മലങ്കരസഭയുടെ ഭരണഘടനയിലും കാനോനിലുമുണ്ട്. അതു സംബന്ധിച്ച് ആഴമായ പഠനവും വ്യാപകമായ ചർച്ചകളും നടക്കണം. മലങ്കരയിലെ കാതോലിക്കാ സ്വതന്ത്രനല്ല. അല്ലെങ്കിൽ കാതോലിക്കോസ് പാത്രിയർക്കീസിന് കീഴ്പ്പെട്ട ആളാണ്. പാത്രിയർക്കീസിന്റെ കീഴ്സ്ഥാനി മാത്രമാണ് എന്ന് വ്യാഖ്യാനിക്കപ്പെടാവുന്നതാണ് പല വകുപ്പുകളും. പേർഷ്യൻ കാതോലിക്കോസിനെപ്പോലെ പരിപൂർണ്ണ സ്വതന്ത്രമായ ഒരു മഹാപുരോഹിത സ്ഥാനമാണ് മലങ്കരയിലെ കാതോലിക്കായുടേതെങ്കിൽ ആ സ്ഥാനത്തിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന മുകളിൽ പറഞ്ഞതുപോലെയുള്ള വകുപ്പുകൾ മലങ്കരസഭാ ഭരണഘടനയിൽനിന്ന് നീക്കം ചെയ്യുകയാണ് വേണ്ടത്.

1912–ൽ നടന്നത് കാതോലിക്കാ പുനസ്ഥാപനമാണ് എന്ന് പറയുമ്പോഴും തിഗ്രീസിലെ കാതോലിക്കാ സ്ഥാനം മലങ്കരയിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു എന്ന് പറയുമ്പോഴും മലങ്കരയിലെ കാതോലിക്കാ പൗരസ്ത്യദേശത്തെ 91–ാം കാതോലിക്കാ ആണെന്നു പറയുമ്പോഴും പാത്രിയർക്കാ വാഴ്ചയ്ക്ക് കാതോലിക്കായെ ഔദ്യോഗികമായി ക്ഷണിക്കണമെന്ന് പറയുമ്പോഴും കാതോലിക്കായുടെ മേൽ കുറ്റാരോപണമുണ്ടായി വിസ്തരിക്കുമ്പോൾ പാത്രിയർക്കീസിനെ ക്ഷണിക്കണമെന്ന് പറയുമ്പോഴും കാതോലിക്കാ സ്ഥാനത്തെ ഒരു മഫ്രിയാനാ സ്ഥാനമായി നാം തന്നെ പരിമിതപ്പെടുത്തുന്നു. റോമാസാമ്രാജ്യത്തിൽ പുരാതന പാത്രിയർക്കാ സ്ഥാനങ്ങളും സാമ്രാജ്യത്തിനു വെളിയിൽ കാതോലിക്കാ സ്ഥാനങ്ങളും ഉണ്ടായതുപോലെ മലങ്കരസഭാചരിത്രത്തിൽ ഉണ്ടായ ഒരു വളർച്ചയായി ഇവിടുത്തെ കാതോലിക്കാ സ്ഥാനത്തെ കാണണം.

റോമാസാമ്രാജ്യത്തിന്റെ ആദിമകാലത്ത് പാത്രിയർക്കേറ്റുകൾ ഉണ്ടായതുപോലെ പിൽക്കാലത്തും രാഷ്ട്രീയവും സഭാപരവുമായ കാരണങ്ങളാൽ റോമാസാമ്രാജ്യത്തിനു പുറത്തും പല പാത്രിയർക്കേറ്റുകളും ഉണ്ടായി. എ.ഡി.300നോടടുത്ത് പേർഷ്യയിലും അക്കാലഘട്ടത്തിൽ തന്നെ അർമ്മീനിയായിലും ജോർജിയായിലും എ.ഡി.917–ൽ ബൽഗേറിയൻ സഭയിലും 1589–ൽ റഷ്യയിലും 1959–ൽ എത്യോപ്യയിലും പാത്രിയർക്കാ സ്ഥാനങ്ങൾ ഉണ്ടായി. ഇതൊക്കെ അതതു സഭകളിലെ അധികാരസ്ഥാനത്തിന്റെ തുടർച്ചയായ വളർച്ചയാണ്. കാതോലിക്കാ സ്ഥാപനത്തോടെ ഇതുതന്നെയാണ് 1912–ൽ മലങ്കരസഭയിലും സംഭവിച്ചത്. അല്ലാതെ പേർഷ്യയിൽനിന്ന് മാറ്റിസ്ഥാപിച്ചതോ പുനസ്ഥാപിച്ചതോ ഒന്നുമല്ല.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

സി.റ്റി.

Vol. 24 Issue 10
March 15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2018-2020
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 35/2018-10

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

## വിതറാം സുഗന്ധം

ടാക്സി ഡ്രൈവർ യാത്രക്കാരനുമായി കാറിൽ പോവുകയാണ്. പെട്ടന്ന് ഒരു ആഡംബരകാർ സിഗ്നൽ തെറ്റിച്ച് അവരുടെ വാഹനത്തിന് കുറുകേ വന്നു കാർ നിർത്തി. സുമുഖനായ ഒരാൾ പുറത്തേക്ക് വന്നു. കുറ്റം അയാളുടേതായിരുന്നെങ്കിലും ഡ്രൈവറെയും യാത്രക്കാരനെയും അയാൾ കണക്കറ്റു ചീത്തവിളിച്ചു. പക്ഷെ ടാക്സിഡ്രൈവർ തിരിച്ചൊന്നും പറഞ്ഞില്ല. പകരം പുറത്തിറങ്ങി രംഗം ശാന്തമാക്കാൻ ശ്രമിച്ചു.

യാത്ര തുടർന്നപ്പോൾ യാത്രക്കാരൻ ഡ്രൈവറോട് ചോദിച്ചു അയാൾ കുറ്റം ചെയ്തിട്ടും ചീത്ത വിളിച്ചിട്ടും താങ്കളെന്താണ് ഒന്നും മിണ്ടാതിരുന്നത്? ഡ്രൈവർ മറുപടി പറഞ്ഞു മാലിന്യവുമായി പോകുന്ന ട്രക്കിൽ മാലിന്യം അധികമാകുമ്പോൾ അതു കടന്നുപോകുന്ന വഴികളിൽ വീഴും. അയാളുടെ പക്കൽ അധികമുള്ളത് അയാൾ പുറത്തേക്കിട്ടു. എന്റെ പക്കലുള്ളത് ഞാനും.

പ്രതികരണം സ്വഭാവത്തിന്റെ പ്രതിനിധിയാണ്. വികാരം വിവേകത്തിന്റെ പ്രതിയോഗിയും. ഉള്ളിൽ രൂപംകൊള്ളുന്ന ദേഷ്യം യഥാർത്ഥ സ്വഭാവം പുറത്തുകൊണ്ടുവരും.

എന്ത് ഉള്ളിൽ കൊണ്ടുനടന്നാലും ഒരിക്കൽ പുറത്തുവരും. അത് സുഗന്ധമാണെങ്കിലും ദുർഗന്ധമാണെങ്കിലും.

മാലിന്യങ്ങളുടെ ഭാണ്ഡക്കെട്ടുമായി യാത്ര ചെയ്യരുത്. സമയം കഴിയുന്തോറും ദുർഗന്ധം അസഹ്യമാകും. ചവറുകൂനയിൽ നിക്ഷേപിക്കേണ്ട മാലിന്യകൂമ്പാരത്തിന്റെ മാറാപ്പും പേറി നടക്കുന്ന വൻ ഭാരം താങ്ങാനാവാതെ വരുമ്പോൾ അവയെല്ലാം വഴിയിൽ വതറും. ആ മാലിന്യവസ്ത്തുക്കൾ വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും താൻപോരിമയുടെയും രൂപഭാവങ്ങൾ ഉണ്ടാക്കും.

മാലിന്യവണ്ടിയുമായി പോകുന്നയാൾ വസ്ത്രത്തിൽ സുഗന്ധം പൂശിയിട്ടെന്തു പ്രയോജനം?

## സഭൈക്യം സ്നേഹത്തിൽക്കൂടി നേടണം : തോമസ് മാർ അത്താനാസിയോസ്

ചെങ്ങന്നൂർ : ജൂലൈ 3-ലെ സുപ്രീംകോടതിവിധിക്കുശേഷം പ.ബാവാ തിരുമേനി പ്രകടിപ്പിച്ച വ്യവഹാര രഹിത സഭ എന്ന സ്വപ്നം സ്നേഹത്തിൽക്കൂടിവേണം നേടിയെടുക്കാനെന്നു സീനിയർ മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് പ്രസ്താവിച്ചു. തന്റെ എൺപതാം ജന്മദിനം പ്രമാണിച്ച് ബഥേൽ പത്രികയ്ക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിലാണ് മെത്രാപ്പോലീത്താ തന്റെ നിലപാട് വ്യക്തമാക്കിയത്.

1958-ലെ പോലെ യോജിച്ച സഭയുടെ അസോസിയേഷൻ പുത്തൻകാവിൽ നടത്തണം. അതാണെന്റെ ആഗ്രഹം. ഇക്കാര്യം ഞാൻ കാലംചെയ്യുന്നതിനു മുമ്പ് നടക്കും എന്നതാണ് എന്റെ വിശ്വാസമെന്നും അദ്ദേഹം പറഞ്ഞു.

## സ്നേഹത്തിന്റെ നിലപാടുകൾ ഉണ്ടാകണം : സഖറിയാ മാർ നിക്കോളാവോസ്

മലങ്കരസഭ ഒന്നേയുള്ളു. ദൗർഭാഗ്യകരമായ സാഹചര്യങ്ങളിൽ വിള്ളലുകൾ ഉണ്ടായി. ഭാരതത്തിന്റെ നീതിവ്യവസ്ഥയിൽ വിധിതീർപ്പു വന്നു. എന്നാൽ ഇത് ആത്യന്തികമായി വിജയമോ പരാജയമോ എന്നതിലുപതി നിലപാടുകളെക്കുറിച്ചുള്ള ഒരു ചർച്ചയും പോരാട്ടവും ഒക്കെയാണ്. എന്നാൽ പോരാട്ടം കീഴ്പ്പെടുന്നതോ അട്ടിമറിക്കലോ ഒന്നുമല്ല. മലങ്കരസഭ എന്നും നോക്കുന്നത് വിഭജിച്ചും വിഘടിച്ചും നിൽക്കുന്ന സഹോദരങ്ങൾ ഒന്നായിതീർന്ന് മലങ്കരസഭയുടെ ഭരണഘടനയിലും ഈ രാജ്യത്തിന്റെ നീതിവ്യവസ്ഥയിലും നിലനിന്ന് ക്രിസ്തുവിനെ സാക്ഷിക്കുന്ന ഒരു സഭയായിതീരണം എന്നതാണ്. അതിനാൽ നമുക്ക് അക്രമത്തിനോ വെല്ലുവിളികൾക്കോ ആഹ്വാനം ചെയ്യുവാൻ സാധിക്കുകയില്ല. അത്തരം സമീപനം ഉണ്ടാകുമ്പോൾ അതേ രീതിയിൽ പ്രതികരിക്കുവാനും കഴിയുകയില്ല. അതേ നിലവാരത്തിലേക്ക് താഴുവാൻ നമുക്ക് സാധിക്കുകയില്ല.

നീതിവ്യവസ്ഥയിൽ അടിയുറച്ച് ജനാധിപത്യത്തിന്റെ അടിത്തറയിൽ നിലനിൽക്കുമ്പോൾ നാം ഉൾക്കൊള്ളേണ്ടത് ആ രാജ്യത്തിന്റെ നിയമവ്യവസ്ഥയാണ്. അതിൽ നിലനിന്നാണ് നമ്മുടെ നിലപാടുകൾ വ്യക്തമാക്കേണ്ടത്. ഈ പോരാട്ടത്തിൽ നമ്മുടെ വിജയം സ്വത്ത് അല്ല നിലപാടുകളാണ്. മലങ്കരസഭയിലെ ഇടവകകൾ എല്ലാം തന്നെ 1934-ലെ ഭരണഘടനയ്ക്ക് വിധേയപ്പെട്ട് ഭരിക്കപ്പെടണം. ഒരു ഇടവകയിലും സമാന്തര ഭരണസംവിധാനം ഉണ്ടാകുവാൻ പാടില്ല എന്നും സുപ്രീംകോടതിവിധിയെ മറികടക്കുവാൻ ഉണ്ടാക്കിയ ഭരണഘടന ആയതിനാൽ 2002-ലെ ഭരണഘടന റദ്ദു ചെയ്യുന്നു എന്നും സുപ്രീംകോടതി പറഞ്ഞു. ഭാരതത്തിന്റെ നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 2002-ലെ ഭരണഘടന ഉണ്ടാക്കിയ പ്രസ്ഥാനത്തിന്റെ നിലനിൽപ്പുതന്നെ സുപ്രീംകോടതി റദ്ദുചെയ്തിരിക്കുകയാണ്. ഞങ്ങൾക്ക് കോടതിവിധിയിൽ വിശ്വാസമില്ലാ എന്ന് ചിലർ പറയുകയും എന്നാൽ കേസു കൊടുക്കുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കേസ് പ്രതികൂലമാകുമ്പോൾ കോടതിയിൽ വിശ്വാസം ഇല്ല എന്ന് പറയും. അത്തരം സമീപനം നിയമാധിഷ്ഠിതമായ സമൂഹത്തിന് അസാധ്യമാണ്.

ക്രൈസ്തവസഭയെ സംബന്ധിച്ച് ചില ധാർമ്മിക മൂല്യങ്ങളുണ്ട്. അതിൽ ഒന്നാണ് നീതിബോധം. കേസും വിധിയുമെല്ലാം ധാർമ്മികപോരാട്ടമായി കാണണം. പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകും. നീതിബോധമുള്ള സമൂഹം നീതിവ്യവസ്ഥയ്ക്കും രാജ്യത്തിന്റെ നിയമങ്ങൾക്കും വിധേയപ്പെട്ടാണ് നിലനിൽക്കേണ്ടത്. സഹിഷ്ണുത ശക്തനെക്കൊണ്ട് മാത്രമേ സാധിക്കുകയുള്ളു. ആ സഹനത്തിന്റെ ആത്മാവാണ് നോമ്പിൽ ശക്തമാക്കേണ്ടത്. അത് അനുരഞ്ജനത്തിന്റെയും അനുതാപത്തിന്റെയും പരസ്പരയോജിപ്പിന്റേതുമാണ്. വെല്ലുവിളികൾക്ക് പകരം സ്നേഹത്തിന്റെ നിലപാടുകൾ ഉണ്ടാകണം.

## ചെറിയമഠത്തിൽ യാക്കോബ് കത്തനാരുടെ 77-ാം ഓർമ്മ

**കോട്ടയം : വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ഇടവകയുടെ സ്ഥാപകപിതാവായ വന്ദ്യ ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാരുടെ 77-ാം ഓർമ്മ മാർച്ച് 18ന് വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോണിന്റെ പ്രധാന കാർമ്മികത്വത്തിൽ ആചരിക്കുന്നു.**



മാളിയേക്കലായ കൈതയിൽ പടിഞ്ഞാറേക്കുറ്റ് ചെറിയമഠത്തിൽ കോരയുടെയും വടവാതൂർ പഴൂർ കുന്നത്തേട്ട് കുടുംബാംഗമായ മാത്തച്ചന്റെ പുത്രി ഏലിയാമ്മയുടെയും പുത്രനായി 1851 ആഗസ്റ്റ് മാസം 8-ാം തീയതി ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാർ ജനിച്ചു. പിതൃസഹോദരൻ ഗീവർഗീസ് കശീശായിൽനിന്നും മാതൃ ഇടവകയായ പുതുപ്പള്ളി പള്ളിയിൽ മാമോദീസാ മുങ്ങി. അദമ്യമായ വിപദിധൈര്യവും കൂസലില്ലായ്മയും ബാലനായിരുന്നപ്പോൾ മുതൽ അദ്ദേഹം പ്രകടിപ്പിച്ചു. പ്രാഥമിക വിദ്യാഭ്യാസം പുതുപ്പള്ളിപള്ളിവക സ്ക്കൂളിൽ നിർവ്വഹിച്ചു. 1864-ൽ 13-ാമത്തെ വയസ്സിൽ പഴയസെമിനാരിയിൽവെച്ച് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിൽനിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ വളർന്നു.

1873-ൽ മണർകാട് പള്ളി ഇടവകയിൽപ്പെട്ട തിരുവഞ്ചൂർ മാത്തുവിന്റെ പുത്രി ഏലിയാമ്മയെ വിവാഹം കഴിച്ചു.

1874-ൽ പാലക്കുന്നത്ത് അത്താനാസിയോസ് മെത്രാപ്പോലീത്തായിൽനിന്നു കശ്ശീശാ പട്ടം സ്വീകരിച്ചു. പുതുപ്പള്ളി പള്ളിയിൽ തവണ അനുസരിച്ച് കർമ്മങ്ങൾ നടത്തിവന്നു.

മണർകാടു പള്ളിയിൽ പാലക്കുന്നത്ത് മെത്രാപ്പോലീത്തായ്ക്കെതിരായി ഒരു വലിയ വിഭാഗം ആളുകൾ ബഹളം ഉണ്ടാക്കി. സ്വപക്ഷക്കാരെ സംഘടിപ്പിച്ച് മാങ്ങാനം സെന്റ് പീറ്റേഴ്സ് പള്ളി സ്ഥാപിച്ചു. ആദ്യ വികാരിയായി. ആ കാലയളവിൽ കൊല്ലാട്, അഞ്ചേരി, മീനടം, തോട്ടയ്ക്കാട്, വെള്ളൂർ, വടക്കൻമണ്ണൂർ, കന്നുകുഴി, സൗത്ത് പാമ്പാടി, നിലയ്ക്കൽ എന്നീ പള്ളികൾ സ്ഥാപിച്ച് അവിടെ വികാരിയായി പ്രവർത്തിച്ചു.

മലങ്കര സഭയിൽ നവീകരണ പ്രസ്ഥാനം ആരംഭിച്ചത് ഈ കാലഘട്ടത്തിലാണ്. അതിന് പാലക്കുന്നത്ത് ഏബ്രഹാം മല്പാൻ ഒ.എം.ചെറിയാൻ, താഴത്തച്ചൻ, ചെറിമഠത്തിൽ യാക്കോബ് കത്തനാർ എന്നിവർ നേതൃത്വം നൽകി. ഇവർ ചേർന്ന് 1890-ൽ കോട്ടയത്ത് മാർത്തോമ്മാ സഭയുടെ പേരിൽ ഒരു സെമിനാരി സ്ഥാപിച്ചു.

നവീകരണക്കാർ മാർത്തോമ്മാ സഭ എന്ന നാമം സ്വീകരിക്കണമെന്നു മെത്രാന്മാർ വിദേശനാമങ്ങൾക്കു പകരം പേരിനോട് ചേർന്ന് മാർത്തോമ്മാ എന്ന പേരു കൂടി ചേർക്കണമെന്നും ചെറിയമഠത്തിൽ യാക്കോബ് കത്തനാർ നിർദ്ദേശിച്ചു. കുർബ്ബാന തക്സാ പരിഭാഷപ്പെടുത്തി പരിഷ്ക്കരിച്ചു. കൂദാശാക്രമങ്ങളും പ്രാർത്ഥനാപുസ്തകങ്ങളും തയ്യാറാക്കി. 1893 മുതൽ മാർത്തോമ്മാ സഭയുടെ മാനേജിംഗ് കമ്മിറ്റിയിലും സജീവാംഗമായി. സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും മാതൃസഭയുടെ നേതൃസ്ഥാനങ്ങളിൽനിന്നും മറ്റുമുള്ള നിർബന്ധത്തിനു വഴങ്ങി യാക്കോബ് കത്തനാർ മലങ്കരസഭയിലേക്ക് 1902 വൃശ്ചികം 12-ാം തീയതി തിരിച്ചുവന്നു. അച്ചനെ പാമ്പാടി പള്ളിയിൽ വികാരിയായി നിയമിച്ചു. പള്ളിയോട് ചേർന്ന് ഒരു ഇംഗ്ലീഷ് സ്ക്കൂൾ അച്ചൻ സ്ഥാപിച്ചു.

പാമ്പാടി പള്ളിയിൽ ഇടവകക്കാരായിരുന്ന വാഴൂർ പ്രദേശത്തെ സുറിയാനി ക്രിസ്ത്യാനികളുടെ അഭ്യർത്ഥന മാനിച്ച് 1906 വൃശ്ചികം 26-ന് വടുതല കുടുംബക്കാർ ദാനമായി നൽകിയ സ്ഥലത്ത് വാഴൂർ സെന്റ് പീറ്റേഴ്സ് സുറിയാനിപള്ളിയുടെ നിർമ്മാണം ആരംഭിച്ചു. 1907 വൃശ്ചികം 12-ാം തീയതി പണി പൂർത്തീകരിച്ചു. ആരാധന ആരംഭിച്ചു. പ.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് കൂദാശ നിർവ്വഹിച്ചു. 1914-ൽ പുളിക്കൽകവലയിൽ സെന്റ് പീറ്റേഴ്സ് എൽപി സ്ക്കൂളും 1919-ൽ ഇംഗ്ലീഷ് മിഡിൽ സ്ക്കൂളും അച്ചൻ സ്ഥാപിച്ചു. അച്ചന്റെ ശ്രമഫലമായി പുളിക്കൽകവലയിൽ ഒരു മാർക്കറ്റും ആരംഭിച്ചു.

1911 സെപ്റ്റംബർ മാസത്തിൽ കോട്ടയം എംഡി സെമിനാരി മൈതാനത്തു കൂടിയ സഭയുടെ സ്വാതന്ത്ര്യപ്രഖ്യാപന മഹാസമ്മേളനത്തിൽ ബഹു.യാക്കോബ് കത്തനാർ ആയിരുന്നു അദ്ധ്യക്ഷൻ.

1934 ആഗസ്റ്റ് 21ന് എംഡി സെമിനാരിയിൽ അന്ത്യോഖ്യൻ സഭയും മലങ്കരസഭയും തമ്മിലുള്ള സമാധാന പുനസ്ഥാപനത്തെപ്പറ്റി ചർച്ച ചെയ്യാൻ കോട്ടയം മെത്രാസന പൊതുയോഗത്തിൽ ഇദ്ദേഹമാണ് അദ്ധ്യക്ഷത വഹിച്ചത്.

ബഹു.അച്ചന്റെ മക്കളിൽ മൂന്നുപേർ വൈദികരായിരുന്നു. അവരിൽ രണ്ടു വൈദികർ വാഴൂർ പള്ളിയിലെ വികാരിയായിരുന്ന ചെറിയമഠത്തിൽ കൊച്ചുയാക്കോബ് കത്തനാർ, മലങ്കരസഭയിലെ ഗമാലിയേൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ക്കറിയാ മല്പാച്ചനും ആയിരുന്നു. ഒരു പുത്രി സാറാമ്മ അഞ്ചേരി ഇലയ്ക്കാട്ടു കടുപ്പിൽ ജോസഫ് കത്തനാർ (ഇപ്പോഴത്തെ മാർത്തോമ്മാ സഭയുടെ യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ വല്യച്ചൻ) വിവാഹം കഴിച്ചു.

ഊർജ്ജസ്വലവും സംഭവബഹുലവുമായ ആ ജീവിതം 1941 മാർച്ച് 15ന് 91-ാമത്തെ വയസ്സിൽ അസ്തമിച്ചു. പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും ഇതര മെത്രാപ്പോലീത്താമാരുടെയും നിരവധി വൈദികരുടെയും ഒരു വമ്പിച്ച ജനാവലിയുടെയും സാന്നിധ്യത്തിൽ വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്ക്കരിച്ചു.

അവലംബം : മാളിയേക്കലായ കൈതയിൽ പടിഞ്ഞാറേക്കുറ്റ് കുടുംബചരിത്രം